The question that the Kerala Plantation Tax (Amendment) Bill, 1981 as reported by the Subject Committee, be finally passed was put and carried.

The Bill was finally passed.

(2) 1981-ലെ കേരള വനം (ഭേദഗതി) ബിൽ (തുടർച്ച)

ശ്രീ. കെ. ശിവദാസൻ: സർ, സാമ്പത്തികശേഷിയുള്ള വിഭാഗങ്ങൾക്ക് നികുതി ഈടാക്കേണ്ടതാവശ്യമാണെങ്കിലും ഇങ്ങനെയൊരു നിയമം കൊണ്ടു വരുന്നതിന് ധാർമ്മികമായ ശക്തി ഏതെങ്കിലും ഗവൺമെൻറിനു ഉണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. നമ്മുടെ രാജ്യത്തെ ഗവൺമെൻറിനുള്ള ഏറ്റവും വലിയ വരുമാനമാർഗ്ഗമാണ് വനം. പക്ഷെ നമ്മുടെ രാജ്യത്തെ കുറേ ആളുകൾ വേഗം പണക്കാരാകാനുള്ള ചില മാർഗ്ഗങ്ങളും സ്വീകരിക്കുന്നുണ്ട്. വനം കൊള്ള, കള്ളനോട്ടടി, വിഗ്രഹമോഷണം ഇതെല്ലാം ഇതിൽ പെടും. രാജ്യത്തിൻെറ ഏറ്റവും വലിയ ധനാഗമമാർഗ്ഗം മാത്രമല്ല രാജ്യത്തിൻെറ എക്കോളജിക്കൽ സിറ്റുവേഷൻ എല്ലാം നിലനിറുത്തുന്നതിന് ആവശ്യമായ ഈ വനം നിലനിറുത്തുവാൻ മണിയങ്ങാടൻ കമ്മിറ്റിപോലുള്ള എത്ര കമ്മിറ്റികൾ, എത്ര റിപ്പോർട്ടുകളാണ് ഇവിടെ ഹാജരാക്കപ്പെട്ടിട്ടുള്ളത്. ഈ കമ്മിറ്റികളുടെ ഏതെങ്കിലും റിപ്പോർട്ടുകൾ നടപ്പിലാക്കി ഈ വനം സംരക്ഷിക്കുന്നതിന് ഇന്നുവരെ ഏതെങ്കിലും ഗവൺമെൻറുകൾക്ക് കഴിഞ്ഞിട്ടുണ്ടോ? ജനങ്ങളോട് ഈ വനങ്ങൾ നിലനിറുത്തുന്നതിന് നികുതി ആവശ്യപ്പെടുന്നതിന് ധാർമ്മികമായ ശക്തി ഗവൺമെൻറിനു ഉണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. ഈ ഗവൺമെൻറിൻെറ കാലത്ത് വനം കൊള്ള അധികരിച്ചു എന്നല്ല ഞാൻ പറയുന്നത്. സ്വയം നിലനിൽക്കാൻ കഴിയുന്ന വരുമാന മാർഗ്ഗങ്ങൾ ഉള്ളതാണ് വനം. ഇക്കാലമത്രയും വമ്പിച്ച വിഭവ ശേഷി ഉള്ള വനം ആളുകൾ കൊള്ളയടിച്ചുകൊണ്ടുപോയതിൻെറ ഫലമായി അതിൽനിന്നും ഉള്ള വരുമാനംകൊണ്ട് ഇനി വനം നിലനിറുത്തുന്നതിന് കഴിയാത്തതുകൊണ്ട് ജനങ്ങൾ നികുതി കൊടുത്ത് വനം നിലനിറുത്തണമെന്നുപറയുന്നത് ധാർമ്മികമായ നീതിയല്ല. പാവപ്പെട്ടവൻ അല്ലെങ്കിൽ പണക്കാരൻ വാങ്ങിക്കുന്നതാണ് തടി. അത് കുറുന്തോട്ടിയായാലും ആത്യന്തികമായി കൺസ്യൂമേഴ്സിനെ ബാധിക്കുമെന്നുള്ളതാണ് സത്യം. ഇന്ത്യയിൽ ആകെ മൊത്തം വിഷമത്തിലായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ കൂടെ വനം സംരക്ഷിക്കാൻകൂടി നികുതി ഈടാക്കണമോയെന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം അവധാനപൂർവം ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിയമമനുസരിച്ചുഫോറസ്റ്റ് പ്രൊഡ്യൂസിനെ സംബന്ധിച്ചിടത്തോളം ഉള്ള നിർവ്വചനം ഫോറസ്റ്റ് ആക്റ്റിൽ പറഞ്ഞിട്ടുള്ളത് മാറ്റുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദ് വീറകിനും കുറുന്തോട്ടിക്കും എല്ലാം നികുതി കൊണ്ടുവരാൻ പോകുന്നില്ലെന്നാണ് വിശ്വാസം. എന്നിരുന്നാലും അത് കൊണ്ടുവരുന്നതിനുമുമ്പ് ഗവൺമെൻറ് ഒരു ഉറപ്പ് വരുത്തേണ്ടതുണ്ട്. ഈ കമ്മിറ്റികളുടെ റിപ്പോർട്ടുകളിൽ അതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. ഈ ഫോറസ്റ്റുകൾ സംരക്ഷിക്കുന്നതിനുവേണ്ടി പോലീസ് സ്റ്റേഷനുകളിൽ കേഡികളെ സൂക്ഷിക്കുന്നതുപോലെ സ്ഥിരമായി വനം കൊള്ള നടത്തുന്ന ആളുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി അവരുടെ മൂവ്മെൻറ് ശ്രദ്ധിക്കണമെന്നാണ് അതിനുവേണ്ടി നിയുക്തമായ കമ്മറ്റികൾ റിപ്പോർട്ടു ചെയ്തിട്ടുള്ളത്,

LIBRARY ARCHIVES Kerala Legislative Assembly

അത് നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോയെന്നറിയണം. അതുപോലെ തന്നെ ഫോറസ്റ്റിൽ കോൺട്രീറ്റ് പില്ലേഴ്സ് വച്ചുകൊണ്ട് ഇനിയെങ്കിലും ഉള്ള അതിർത്തി നിശ്ചയിക്കണമെന്ന് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് നടപ്പിലാക്കിയിട്ടുണ്ടോ, നടപ്പിലാക്കാൻ തയ്യാറുണ്ടോയെന്നറിയണം. ഫോറസ്റ്റിന്റെ സുരക്ഷിതത്വത്തിനുവേണ്ടി ഒരു ഷെൽട്ടർ ബൽറ്റ് എന്നുള്ള നിലയിൽ എസ്റ്റേറ്റുകൾ നാലുവശവും ഉണ്ടാക്കണമെന്ന് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ നടത്തിയിട്ട് ഇനിയെങ്കിലും ഫോറസ്റ്റ് കൊള്ള അവസാനിപ്പിക്കുമെന്ന് ഉറപ്പുണ്ടാക്കിയതിനുശേഷം മാത്രമേ ഫോറസ്റ്റ് സംരക്ഷിക്കാൻ നികുതി ഈടാക്കാൻ ഗവൺമെന്റിന് ധാർമ്മികമായ അവകാശമുള്ളൂ എന്നാണ് എനിക്ക് പറയാനുള്ളത്. ഇനി നാട്ടുകാർ പണം കൊടുത്തതിനുശേഷം നല്ല തടികൾ വച്ചു പിടിപ്പിച്ച് വനകൊള്ളക്കാർക്ക് വീണ്ടും കൊള്ള നടത്താൻ സൗകര്യങ്ങൾ നൽകുന്നത് ഒരിക്കലും ശരിയായിരിക്കുകയില്ലെന്നുള്ളതുകൊണ്ടാണ് ഇന്നുവരെ ഉണ്ടായിട്ടുള്ള കമ്മിറ്റി റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ വനം സംരക്ഷിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നത്.

സർ, ഇവിടെ തൊഴിലില്ലായ്മ വലിയൊരു പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി കഴിയുന്നിടത്തോളം നമ്മുടെ വനവിഭവങ്ങളായ തടി, ഈറ, മുള തുടങ്ങിയ സാധനങ്ങൾ നമ്മുടെ വ്യവസായ വികസനത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയണം. ഇവിടത്തെ ജനങ്ങളോടു നികുതി കൊടുക്കണമെന്നു പറയുമ്പോൾ ഇവിടത്തെ വ്യവസായിക വികസനത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയണം. അതുകൊണ്ട് ഇങ്ങനെയുള്ള നികുതികൾ കൊണ്ടുവരുന്നതിന് ധാർമ്മികമായ ശക്തി സംഭരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിനാവശ്യമായ റിപ്പോർട്ട് നടപ്പിലാക്കി അസംസ്കൃതസാധനങ്ങൾ ഉപയോഗിക്കുന്നതിനുള്ള ഒരു ഫൂൾ പ്രൂഫ് മെത്തേഡ് സ്വീകരിക്കുകയും ചെയ്തതിനുശേഷം മാത്രമേ ഈ നികുതി ഏർപ്പെടുത്താവൂയെന്നഭ്യർത്ഥിക്കുകയാണ്.

ശ്രീമതി. കെ. ആർ. സരസ്വതി അമ്മ: സർ, ഞാൻ ഈ ബില്ലിനെ വളരെ ശക്തിയായി എതിർക്കുകയാണ്. ഈ ബില്ലിന്റെ മൂല നിയമത്തിൽ 10-ാം ചാപ്റ്ററിനുശേഷം 10 എന്നൊരു ചാപ്റ്റർ ചേർത്തുകൊണ്ടാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇതിന്റെ പ്രധാനമായ ഉദ്ദേശം വനംവികസനം ആണെന്നാണ് പറയുന്നത്. ഒന്നരക്കോടിരൂപ ആദായം ലഭിക്കുമെന്നും പറയുന്നു. വനംവികസനത്തിനുവേണ്ടി ഈ വിധത്തിലുള്ള ഒരു നിയമം കൊണ്ടുവരാതെതന്നെ ഇന്ന് നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കുകയാണെങ്കിൽ, ഇതിൽ കൂടുതൽ ലാഭം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ രാജ്യത്തെ വനങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അതേസമയം വനംകൊള്ള വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ എനിക്ക് ഒന്നുരണ്ടു വസ്തുതകൾ ഇവിടെ ചൂണ്ടിക്കാണിക്കാൻ ഉണ്ട്: കേരളത്തിലെ സമ്പത്ത്വ്യവസ്ഥയിൽ സാരമായ പ്രത്യാഘാതങ്ങൾ ഈ നിയമം സൃഷ്ടിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. കുചേലനേയും കുബേരനേയും ഒരുപോലെ ബാധിക്കുന്ന നിയമമാണ് ഇത്. ചെറുതും വലുതുമായ ആളുകൾക്ക് കൂടുതൽ അപകടങ്ങൾ ഇതുമൂലം ഉണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. പാവപ്പെട്ട ആളുകൾക്ക്, ലക്ഷംവീട് പോലുള്ള കോളനികളിൽ താമസിക്കുന്ന ആളുകൾക്കും ഇത് സാർവ്വത്രികമായ ദോഷംചെയ്യും. അതേസമയം മുതലാളിമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇത് കുറെക്കൂടി സഹായകരമായിരിക്കുമെന്നുള്ളതാണ് വസ്തുത. 5 ശതമാനം ടാക്സ് കൂടിയാൽ തീർച്ചയായും കോൺട്രാക്ടർമാർ കണ്ണടച്ചിരിക്കുകയില്ല. അവർ തടിവില കൂട്ടും. ഈ വിധത്തിലുള്ള നിയമം കൊണ്ടുവരാതെതന്നെ രണ്ടുമൂന്നുകാര്യങ്ങൾ ചെയ്താൽ ഇതുകൊണ്ടുദ്ദേശിക്കുന്നത് സാധിതപ്രായമാകുമെന്നുള്ളകാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. യഥാസമയം സീനിയറേജ് റേറ്റ് തടിയുടെ കാര്യത്തിൽ പുതുക്കാത്തതുകൊണ്ട് ലക്ഷക്കണക്കിന് രൂപ ഒരോ ഫോറസ്റ്റ് ഡിവിഷനിലും നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ കഥകം ഞാൻ വിസ്തരിച്ചുപറയാൻ ആഗ്രഹിക്കുന്നില്ല. 1975-76-77 വർഷങ്ങളിൽ സീനിയറേജ് റേറ്റ് പുതുക്കാത്തതുകൊണ്ട് 2,49,000 രൂപയുടെ നഷ്ടം ഗവൺമെൻറിന് ഉണ്ടായിട്ടുണ്ടെന്ന് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്, അതുപോലെതന്നെ രണ്ട് ഡിവിഷനുകളിൽ മാത്രമായി 2,46,000 രൂപ 1-7-1974 മുതൽ കാട്ടറേറ്റ് പ്രാബല്യത്തിൽവന്നിട്ടുപോലും അത് അംഗീകരിക്കാതിരുന്നതിന്റെ ഫലമായി നഷ്ടം ഉണ്ടായിട്ടുണ്ട്. നിലമ്പൂരിൽ 18 കൂപ്പുകളം 90 ശതമാനം സീനിയറേജ് റേറ്റിൽ കുറവായി ലേലം ചെയ്തിന്റെ ഫലമായി 60 മുതൽ 70 വരെ ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കാൻ കഴിയും.

സർ, വ്യവസായികൾക്ക് ഇത് കാട്ട റേറ്റിൽ കൊടുക്കുന്നുണ്ട്. അതിന്റെ ആവശ്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ മാത്രമല്ല റിസോർസസ് മൊബിലൈസേഷൻ കമ്മിറ്റിയും ഈ വിധത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. രണ്ടുകാരണങ്ങളാൽ അവർ പറഞ്ഞിട്ടുണ്ട്. സാധാരണയായി കൂടുതൽ സോഫ്റ്റ്വുഡ് നമ്മുടെ വ്യവസായികൾക്ക് കൊടുക്കാൻ നമുക്ക് സാധിക്കുകയില്ല. ഒന്നേമുക്കാൽ കപ്യുബിക്ക് മീറ്റർ മാത്രമാണ് നമുക്ക് സോഫ്റ്റുവുഡ് ഉള്ളത്. ഓപ്പൺ മാർക്കറ്റിൽനിന്നുമാണ് ഈ വ്യവസായത്തിന് കൂടുതൽ വാങ്ങിക്കുന്നത്. അതിന്റെ ഉൽപ്പന്നങ്ങളുടെമേൽ യാതൊരു വിധത്തിലും ഗവൺമെൻറിന് കൺട്രോളം ഇല്ല. ആ സ്ഥിതിക്ക് ഒരിക്കലും കാട്ടറേറ്റ് വ്യവസായികൾക്ക് കൊടുക്കേണ്ട എന്നാണ് റിസോർസ്സ് മൊബിലൈസേഷൻ കമ്മിറ്റിയുടെ ശുപാർശ. 1971-72 ലും 1974-75 ലും ഭീമമായ നഷ്ടം ഈ ഇടപാടിൽ ഡിപ്പാർട്ടുമെൻറിന് ഉണ്ടായിട്ടുണ്ടെന്നാണ് സി. സി. എഫ്. ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കേരളത്തിലെ നാല് ഫോറസ്റ്റ് ഡിവിഷനുകളിലായി മൂന്ന് പബ്ലിക്ക് ഓക്ഷൻസ് (ലേലം) നടന്നതിൽ 3,41,706 രൂപ 1971 മുതൽ 1976 വരെ നഷ്ടമായിട്ടുണ്ട്, അതുപോലെതന്നെ 1975 മുതൽ 1977 വരെ കുറച്ച് ലേലം ചെയ്തതിൽ തിരുവനന്തപുരത്തെ 2 ഡിപ്പോകളിൽമാത്രം 72,000 രൂപയുടെ നഷ്ടംവന്നിട്ടുണ്ട്. 'കാട്ടിലെ തടി തേവരുടെ ആന വലിയെടാവലി' എന്നുള്ള രീതിയിൽ വളരെയധികം നഷ്ടം ലേലം ചെയ്യുന്നതിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ പാവപ്പെട്ടവർക്ക് ദോഷംചെയ്യുന്നതിനുവേണ്ടി 5 ശതമാനം നികുതി ചുമത്തിയിരിക്കുന്നത് അപകടകരവും സോഷ്യലിസത്തിന് വിരുദ്ധവുമായ ഇടപാടാണെന്ന് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അതുപോലെതന്നെ ഈ രാജ്യത്ത് മറ്റ് ചില തടികളും കൊള്ളയടിക്കപ്പെടുന്നുണ്ട്. സൈലൻറുവാലിപദ്ധതിയെ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ഇവിടെനിന്നും ജനപ്രതിനിധികളം പോയ അവസരത്തിൽ ഞങ്ങളം ചില വസ്തുതകളം കാണാൻ ഇടയായി. ഇലക്ട്രിസിറ്റി ബോർഡ് ഓഫീസിന്റെ അടുത്തുനിന്ന് നോക്കുകയാണെങ്കിൽ വനത്തിന്റെ നടുക്കുകൂടി കൂട്ടായി ഉറുമ്പ് ഇഴയുന്നതുപോലെ ലോറികളം പോകുന്നത് നമുക്ക് കാണാൻ കഴിയും. അത് എന്താണെന്നുചോദിച്ചപ്പോൾ അവിടെയുള്ളവർ പറഞ്ഞത് വളരെക്കാലം

LIBRARY ARCHIVES Kerala Legislative Assembly

മുൻപുമുതലേ ഉണ്ടായിരുന്ന പാതകംകൂടി ഇന്നും കള്ളക്കടത്തായി തടികം കൊണ്ടുപോവുകയാണ് എന്നാണ്. അപ്പോഴും ഇത്തരത്തിലുള്ള വനം കൊള്ള ഇന്നും നിലനിൽക്കുകയാണ്. വനത്തിൽനിന്നും ഒന്നരക്കോടി രൂപ പിരിക്കുന്നതിനുവേണ്ടി പത്ത് ഉദ്യോഗസ്ഥൻമാരെയും സി. സി. എഫിന്റെ റാങ്കിൽ കുറയാത്ത മറ്റ് ഉദ്യോഗസ്ഥനെയും നിയമിച്ചുകൊണ്ട് 5 ശതമാനം നികുതി വർദ്ധിപ്പിക്കുന്നത് തെറ്റാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത് ഇപ്പോഴും ഈ നിയമം കൊണ്ടുവരേണ്ട ആവശ്യമില്ലായെന്നാണ്. ഈ നിയമത്തെക്കുറിച്ച് ഈ സഭയുടെ വിവിധഭാഗങ്ങളിൽനിന്നും വന്നിട്ടുള്ള അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് ഇത് പിൻവലിക്കണം എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുവാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. പി. ഗംഗാധരൻ: സർ, ഞാൻ നോട്ടീസ് കൊടുത്തിട്ടുള്ള ആളാണ്, എന്റെ പേര് വിളിച്ചില്ല, എനിക്കും ഈ ബില്ലിനെക്കുറിച്ചു സംസാരിക്കണം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ ഇരിക്കണം. 21-ാം തീയതി നോട്ടീസ് തന്ന എല്ലാ അംഗങ്ങളേയും വിളിച്ചു. ആ കൂട്ടത്തിൽ ശ്രീ. എം. പി. ഗംഗാധരനേയും വിളിച്ചു. പക്ഷേ ആ സമയത്ത് ബഹുമാനപ്പെട്ട മെമ്പർ സീറ്റിൽ ഇല്ലായിരുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർക്ക് സംസാരിക്കുവാൻ കഴിഞ്ഞില്ല. അതുകഴിഞ്ഞ് ഇന്നു സംസാരിക്കുവാനുണ്ടായിരുന്ന അംഗങ്ങളും ശ്രീ. കെ. ശിവദാസനും ശ്രീമതി. കെ. ആർ. സരസ്വതിയമ്മയും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായരും ആയിരുന്നു. അതുകൊണ്ടാണ് ഇന്നു അവർക്ക് പ്രസംഗിക്കുവാൻ അവസരം കൊടുത്തത്. 21-ാം തീയതി ഇങ്ങനെയൊരു തീരുമാനമെടുക്കുന്ന സമയത്തും ശ്രീ. എം. പി. ഗംഗാധരൻ സീറ്റിൽ ഇല്ലായിരുന്നു. അന്ന് വിളിച്ച സമയത്ത് ബഹുമാനപ്പെട്ട മെമ്പർ സീറ്റിലില്ലാതിരുന്നതുകൊണ്ട് ഇനി ഇപ്പോഴും നോട്ടീസ് തന്നുവെന്നുള്ള കാരണത്താൽ വിളിക്കാൻ നിവൃത്തിയില്ല.

ശ്രീ. എം. പി. ഗംഗാധരൻ: സർ, ഒരുകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാനാഗ്രഹിക്കുകയാണ്. ബില്ലിന് അമൻറുമെൻറ് കൊടുത്ത ആളുകൾ പേരുവിളിക്കുന്ന സമയത്ത് ഇല്ലെങ്കിലും പിന്നീട് സംസാരിക്കുവാനുള്ള അവസരം കൊടുക്കാറുണ്ട്. അതായത് ബില്ലിന്റെ ചർച്ച ക്ലോസ് ചെയ്യുന്നതിന് മുമ്പ് നോട്ടീസ് കൊടുത്ത അംഗങ്ങളെ സംസാരിക്കുവാൻ അനുവദിക്കാറുണ്ട്. അതിനെ മറികടന്നുകൊണ്ട് ഇപ്പോഴും എന്നെ സംസാരിക്കുവാൻ അനുവദിക്കാതിരിക്കുന്നത് തെറ്റാണ്; നിയമസഭാ നടപടിചട്ടങ്ങൾക്ക് വിരുദ്ധമാണ്. എന്തായാലും ബഹുമാനപ്പെട്ട ചെയർ ഇങ്ങനെയൊരു തീരുമാനമെടുക്കരുത്. ഈ ബില്ലിനെക്കുറിച്ച് എന്നെ 2 വാക്കെങ്കിലും പറയാൻ അനുവദിക്കണം.

മി. സ്പീക്കർ: 21-ാം തീയതി എടുത്ത ഒരു തീരുമാനമനുസരിച്ചാണ് ഇന്ന് ഇപ്രകാരം ചെയ്തിട്ടുള്ളത്, അല്ലാതെ ബഹുമാനപ്പെട്ട മെമ്പർക്ക് രണ്ടോ മൂന്നോ മിനിറ്റ് സമയം തരുന്നതിൽ ചെയറിന് യാതൊരു വിരോധവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ; സർ, നിയമങ്ങളെ പാസ്സാക്കുന്ന കാര്യത്തിൽ പ്രതിപക്ഷം സഹകരിക്കുകയാണ് ചെയ്യുന്നത്. അപ്പോഴാ അങ്ങനെ ആയാൽ .....

മി. സ്പീക്കർ: ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് പ്രസംഗിക്കുവാനുള്ള അവസരം നൽകുകയാണ്. കാരണം ഇന്ന് അവരുടെ പാർട്ടിയിൽ നിന്നും ശ്രീമതി. കമലം സംസാരിക്കുവാനുള്ളതായിരുന്നു. അവരുടെ അസാന്നിദ്ധ്യത്തിലാണ് ശ്രീ. കെ. കൃഷ്ണൻകുട്ടിക്കു സമയം നൽകിയിട്ടുള്ളത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ ബിൽ കൊണ്ടുവന്നത് കഷ്ടമായിപ്പോയിയെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിലും അതിനുശേഷം നടന്ന സമ്മേളനത്തിലും വളരെ വ്യക്തമായി വന്കൊള്ളയെ സംബന്ധിച്ച് വ്യക്തമായ ആരോപണം ഇവിടെ ഉന്നയിച്ചിരുന്നു. ഒരു ബഹുമാനപ്പെട്ട മെമ്പർ എഴുതിവരെ തന്നുവെന്നാണ് എന്റെ അറിവ്. എന്നാൽ നാളിതുവരെ അതിന്റെ പേരിൽ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. മാവൂർറയോൺസിനു മുള കടത്തുന്നതിനെക്കുറിച്ച് പറഞ്ഞു. അപ്പോഴാ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, മാവൂർ റയോൺസിനും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനും നേരിട്ട് യാതൊരു ബന്ധവുമില്ലായെന്ന്. അതായത് മാവൂർ റയോൺസിനു മുള കൊണ്ടുപോകുന്നത് ഒരു ഏജന്റ് മുഖേനയാണെന്നു പറഞ്ഞു. അത് ശരിയല്ല. മാവൂർ റയോൺസിലെ ഏജന്റ് പാലക്കുടിക്കാരൻ ആയിരുന്നു. അയാളെ എന്തോ രാഷ്ട്രീയ സമ്മർദ്ദത്തിന്റെ പേരിൽ മാറ്റി ബഹുമാനപ്പെട്ട മന്ത്രിക്ക് ഇഷ്ടമുള്ള ഒരാളെ ഏജന്റായി വച്ചിരിക്കുകയാണ്. ആളിന്റെ പേരൊന്നും ഞാൻ ഇവിടെ പറയുന്നില്ല. അങ്ങനെ ഏജൻസികൊടുത്ത മുളതന്നെ 10 ലോഡ് മാവൂർ റയോൺസിലും പത്ത് ലോഡ് തമിഴ് നാട്ടിലേയ്ക്കും കൊണ്ടുപോവുകയാണ് ചെയ്യുന്നത്. ഇങ്ങനെ എത്ര ലക്ഷം രൂപയുടെ കളവാണ് ദിവസം പ്രതി നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനെക്കുറിച്ച് ഞാൻ മാത്രമല്ല പറയുന്നത്, പാലക്കാട് ജില്ലയിലെ എല്ലാ മെമ്പർമാർക്കും അറിയാവുന്നതാണ്, ഭരണകക്ഷിയിൽപ്പെട്ടവർ ആയതുകൊണ്ട് .....

ശ്രീ. വി. സി. കബീർ: അങ്ങനെയൊരു സംഭവമേ അവിടെ നടക്കുന്നില്ല. എന്തിനാണ് ഇതിൽ രാഷ്ട്രീയ പാർട്ടിക്കാരെ ബന്ധപ്പെടുത്തുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ശ്രീ. വി. സി. കബീറിന്റെ രാഷ്ട്രീയ പാർട്ടിയുടെ സ്റ്റേറ്റ് സെക്രട്ടറിയുടെ കാറിലാണ് ദിവസവും ഇങ്ങനെ മുള കടത്തിക്കൊണ്ടുപോകുന്നത്.

ശ്രീ. വി. സി. കബീർ: സർ, ഇത് ആവശ്യമില്ലാത്ത ആരോപണമാണ്. ഇതിനെ ഞാൻ നിഷേധിക്കുന്നു.

ശ്രീ. എ. സി. ജോസ്: സർ. ഇതിന് മുൻപ് തന്നെ ഇവിടെ റൂളിംഗ് ഉണ്ടായിട്ടുണ്ട്. സഭയിൽ വന്നു നിഷേധിക്കാനോ അതിനെക്കുറിച്ച് പറയാനോ പറ്റാത്ത ഒരാളെ സംബന്ധിച്ച് നിയമസഭയിൽ പറയാൻ പാടില്ലാ എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ: സർ, ഇതിനെ അംഗീകരിക്കുവാൻ പറ്റുകയില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇത് അംഗീകരിക്കേണ്ട സത്യമാണ് ഞാൻ പറയുന്നത്.

ശ്രീ. വി. സി. കബീർ: ഇത് സത്യമേ അല്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇതിൽ യാതൊരു സംശയവും വേണ്ട എല്ലാവർക്കും അറിയാവുന്നതാണ്. മന്ത്രി കഴിഞ്ഞ പ്രാവശ്യം ഇതിനെക്കുറിച്ച് എന്ത് പറഞ്ഞു, അന്വേഷിക്കാം എന്നാണ് പറഞ്ഞത്. എന്നാൽ അതിനെക്കുറിച്ച് ഇതേവരെ അന്വേഷിച്ചിട്ടില്ല. അവിടെ ഇതിനെക്കുറിച്ച് അങ്ങാടിപ്പാട്ട് ആണ്. അവിടത്തെ പഞ്ചായത്ത് പ്രസിഡൻറുമാരും മുനിസിപ്പൽ ചെയർമാനും ഒക്കെയാണ് ഇത് ചെയ്യുന്നത്: അതിൻറെ പേരിൽ യാതൊരുവിധ നടപടികളും കൈക്കൊള്ളാത്തതുകൊണ്ട് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഈ ഗവൺമെൻറിന് വരുകയാണ്.

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് അവിടത്തെ മുനിസിപ്പൽ ചെയർമാനോടും പഞ്ചായത്ത് പ്രസിഡൻറിനോടും വിരോധമുള്ളതുകൊണ്ട് ഇങ്ങനെ അടിസ്ഥാന രഹിതമായി ആക്ഷേപമുന്നയിക്കുന്നത് ശരിയാണോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: എനിക്ക് കട്ട് കടത്താൻ പറ്റാത്തതിൽ യാതൊരു വിരോധവുമില്ല. ഇതെല്ലാം തടയണമെന്നാണ് എനിക്ക് പറയാനുള്ളത്. ചില ഡിപ്പോകളിലെല്ലാം തടികൾ എത്തിച്ചിട്ട് അവിടെനിന്നു മല്ലേ കൊണ്ടുപോകുന്നത്. അങ്ങനെ എന്തുകൊണ്ട് ഗവൺമെൻറിന് ചെയ്തുകൂടാ? അങ്ങനെയൊരു നിർദ്ദേശം വച്ചാൽ യാതൊരു കുഴപ്പവും ഉണ്ടാവുകയില്ല. മാവൂർ റയോൺസിന് മാത്രം എന്താണ് ഇത്ര പ്രത്യേകത? അതിനെക്കുറിച്ച് അൽപ്പം ശ്രദ്ധിച്ചാൽ ഇപ്രകാരം പ്രത്യേക ടാക്സ് കൊണ്ടുവരേണ്ടതായി വരികയില്ലായിരുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ശ്രീ. സി. ബി. സി. പ്രസംഗിച്ചപ്പോൾ ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നതുകേട്ടു. ഇത് നടപ്പാക്കിയാലും ഈ ബില്ലിൻറെ പ്രയോജനം ഉണ്ടാകുമെന്ന് തോന്നുന്നില്ല. വൻകിട വ്യവസായികൾക്ക് ആർക്കെങ്കിലും വില കുറച്ച് കൊടുത്തിട്ടുണ്ടെങ്കിൽ അത് മാറണമെന്ന് പറഞ്ഞു. അത് കൊടുത്താൽ പ്ലൈവുഡിന് 60 ലക്ഷം രൂപ നഷ്ടം വരുമെന്ന് പറഞ്ഞത് നാലോ അഞ്ചോ ലക്ഷം രൂപയേ നഷ്ടം വരികയുള്ളു. അതിൽനിന്നുള്ള വരുമാനം ഉണ്ടാകാൻ സാധ്യതയുണ്ട്. നികുതി കൊണ്ടുവന്നതിൽ പലതും ഒഴിവാക്കുമെന്ന് ശ്രീ. സി. ബി. സി. പറഞ്ഞു. പലതും ഒഴിവാക്കിക്കഴിഞ്ഞാൽ കിട്ടാവുന്ന സംഖ്യ എത്രയാണ്. വളരെ കുറച്ച് സംഖ്യയേയുള്ളു. കൽപ്പിച്ചുകൂട്ടി ബില്ലുകൊണ്ടുവന്ന് സമയം കളഞ്ഞത് കഷ്ടമായിപ്പോയി.

ശ്രീ. സി. ബി. സി. വാര്യർ: ഫോറസ്റ്റ് പ്രൊഡ്യൂസിൽ പ്രധാനമായും വിൽക്കപ്പെടുന്ന ഇനം മരമല്ലേ? ആ മരത്തിന് ടാക്സ് ഇളവ് കിട്ടുകയില്ലേ? സാധാരണക്കാരുടെ ഉപയോഗവുമായി ബന്ധപ്പെട്ട സബ് സിഡിയറി ഫോറസ്റ്റ് പ്രൊഡ്യൂസുകൾ ഒഴിവാക്കിയാൽ ഇന്നത്തെതിൽ നിന്ന് വളരെ വ്യത്യാസമില്ലാത്ത തുക ടാക്സായി കളക്ട് ചെയ്തെടുക്കാൻ കഴിയുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി: കഴിയും. ചെറുകിട വരുമാനക്കാർക്ക് വീടു വയ്ക്കുന്നതിലേക്കും കൂടി ഒഴിവാക്കിക്കഴിഞ്ഞാൽ കുറച്ചു സംഖ്യയേ കിട്ടാൻ സാദ്ധ്യതയുള്ളൂ. വളരെ ചെറിയ സംഖ്യക്കുവേണ്ടി ഇങ്ങനെ ബുദ്ധിമുട്ടിച്ചത് ശരിയല്ല. വനം കൊള്ള അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കണം. വനം വകുപ്പുമന്ത്രി നടപടിയെടുക്കുകയില്ലെന്ന് ഉറപ്പായി കഴിഞ്ഞു. മുഖ്യമന്ത്രി നേരിട്ട് അന്വേഷണം നടത്തണം.

തൊഴിലും വനവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഈ ബില്ലിന്റെ ചില ഭാഗങ്ങളോടു ചിലർ എതിർപ്പ് പ്രകടിപ്പിച്ചതായി കണ്ടു. ഈ ബില്ല് ജനതാപാർട്ടി ഒഴിച്ചുള്ള അധികം പാർട്ടികൾക്കും എതിർക്കാൻ കഴിയാത്ത ഒരു ബില്ലാണ്. കാരണം 1976-ൽ സെൻട്രൽ ബോർഡ് ഓഫ് ഫോറസ്ട്രി ഇതുപോലൊരു നിയമനിർമ്മാണം എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കണമെന്ന നിർദ്ദേശം എല്ലാ സംസ്ഥാന ഗവൺമെന്റുകൾക്കും നൽകി.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു സെൻട്രൽ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണ് ഇത്തരത്തിലൊരു നിയമം കൊണ്ടുവരാൻ കാരണമെന്ന്. പി. കെ. വി. മന്ത്രിസഭയുടെ കാലത്തും ഇങ്ങനെയൊരു നിർദ്ദേശം വന്നിരുന്നു. അന്ന് അതൊന്നും നടപ്പാക്കിയില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഇൻഡ്യാ ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചാണ് നിയമം പാസ്സാക്കുന്നതെന്ന്. ഇൻഡ്യാ ഗവൺമെന്റ് പറയുന്ന എല്ലാ കാര്യങ്ങളും നടപ്പാക്കാൻ തയ്യാറാണെന്നാണോ പറയുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ പറയുന്നതിന് മുമ്പ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചാൽ എങ്ങനെയാണ്. ഈ ബില്ലിന്റെ ഒരു ചരിത്രമാണ് ഞാൻ പറഞ്ഞത്. 1975-ൽ കർണ്ണാടക ഗവൺമെന്റ് ബില്ല് കൊണ്ടുവന്നു. 1976-ൽ സെൻട്രൽ ബോഡ് ഓഫ് ഫോറസ്ട്രിയുടെ കമ്മിറ്റി ഇതുപോലുള്ള നിയമനിർമ്മാണം എല്ലാ സംസ്ഥാനങ്ങളിലും കൊണ്ടുവരണമെന്ന തീരുമാനമെടുത്ത് ഒരു റിപ്പോർട്ട് ഉണ്ടാക്കി. ആ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിൽ കൊടുത്തു. 1976-ൽ കേന്ദ്ര ഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങളിലും അതിന്റെയടിസ്ഥാനത്തിൽ നിയമനിർമ്മാണം ഉണ്ടാക്കാൻ ആവശ്യപ്പെട്ടു. ആ അടിസ്ഥാനത്തിൽ 1976-ൽ തന്നെ കേരളത്തിൽ ഒരു ബില്ല് ഉണ്ടാക്കി. ആ ബില്ല് ഡോ. കെ. ജി. അടിയോടിയാണ് ഉണ്ടാക്കിയത്. ആ ബില്ലിനെ അന്നത്തെ ക്യാബിനറ്റിൽ, ഓർഡിനൻസായി പുറപ്പെടുവിക്കാൻവേണ്ടി കൊണ്ടുപോയി. പക്ഷെ ക്യാബിനറ്റ് ഓർഡിനൻസായി പുറപ്പെടുവിക്കണ്ട നിയമസഭയിൽ അവതരിപ്പിച്ചാൽ മതിയെന്ന് പറഞ്ഞ് ആ ബില്ല് മാറ്റിവച്ചു. പിന്നീടുള്ള നിയമസഭാസമ്മേളനത്തിൽ അവതരിപ്പിക്കാമെന്നാണ് ക്യാബിനറ്റ് തീരുമാനം. അതിനുശേഷം ആ ബില്ലിൽ ചില മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി 1979-ൽ ഈ ബില്ല് കൊണ്ടുവന്നു. അന്നും ഓർഡിനൻസായി പുറപ്പെടുവിക്കേണ്ട ബില്ല് അസംബ്ലിയിൽ അവതരിപ്പിച്ച് പാസ്സാക്കിയാൽ മതിയെന്ന് പറഞ്ഞു. രണ്ടുമൂന്ന് തവണ ഈ സംസ്ഥാനത്ത് ഉണ്ടായ ക്യാബിനറ്റുകൾ അംഗീകരിച്ച ഒരു ബില്ലാണ് ഇത്. ഈ ബില്ല് വേണ്ടെന്ന്.....

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, രണ്ടുമൂന്നുപ്രാവശ്യം ക്യാബിനറ്റ് മാറ്റിവച്ച കാര്യമാണ്. അത് എന്തു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണെന്ന് പറയാമോ? ആ ബില്ല് കേരളത്തെ സംബന്ധിച്ചിടത്തോളം.....

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ഞാൻ പറയുന്നത് എന്താണെന്ന് കേൾക്കാൻ തയ്യാറാകണം. 1976-ൽ ക്യാബിനറ്റ് അംഗീകരിച്ചു അസംബ്ലിയിൽ അവതരിപ്പിച്ചാൽ മതിയെന്ന്. ക്യാബിനറ്റ് അംഗീകരിക്കപ്പെട്ട കാര്യമാണ്. അതിനുശേഷം 1979-ലും ക്യാബിനറ്റ് അംഗീകരിക്കപ്പെട്ടു. അപ്പോഴാ മന്ത്രിസഭയ്ക്ക് മാറ്റമുണ്ടായി. ബില്ല് അസംബ്ലിയിൽ കൊണ്ടുവരണമെന്ന് തീരുമാനിക്കപ്പെട്ടതാണ്. ഒരുഘട്ടത്തിലും കേരളത്തിലെ ക്യാബിനറ്റ് ഈ ബില്ല് വേണ്ടെന്ന് പറഞ്ഞിട്ടില്ല. ഇതാണ് ചരിത്രം. ജനതാപാർട്ടി ഒഴികെയുള്ള എല്ലാ പാർട്ടികളും ഭരണകക്ഷിയുമായി ബന്ധപ്പെട്ടിരുന്നു. ആ കാലഘട്ടങ്ങളിലെല്ലാം ഈ ബില്ല് അംഗീകരിക്കപ്പെട്ടതാണെന്ന് സമർത്ഥിക്കാൻ പറഞ്ഞതാണ്. കുറുന്തോട്ടി, തേൻ തുടങ്ങി ആയുർവേദമരുന്ന് ഉണ്ടാക്കാനുള്ള സാധനങ്ങളുടെ ഒരു നീണ്ട ലിസ്റ്റ് ശ്രീ. കുര്യൻ ഇവിടെ വായിച്ചു. ആയുർവേദ മരുന്നുകൾക്കെല്ലാം വിലകൂടുമെന്ന നിർദ്ദേശം സഭയുടെ പലഭാഗത്തുനിന്നു മുണ്ടായി. അത് പരിശോധിക്കാവുന്നതേയുള്ളു. 1980-81-ൽ ഈ സംസ്ഥാനത്ത് ആകെയുള്ള ഫോറസ്റ്റ് റവന്യൂ 45 കോടി രൂപയാണ്. 45 കോടി രൂപയിൽ 3,23,000 രൂപ മൈനർ പ്രൊഡ്യൂസിൽനിന്ന് ഉള്ളതാണ്.

ശ്രീ. പി. കെ. ശ്രീനിവാസൻ: മൈനർ പ്രൊഡ്യൂസിലുള്ള ഔഷധച്ചെടികൾ അതുപോലെതന്നെ വ്യാവസായിക ആവശ്യത്തിന് വാർണിഷ് ഉണ്ടാക്കാൻ കഴിയുന്ന തരത്തിലുള്ള എണ്ണയും ഫലപ്രദമായി ഉപയോഗിക്കുകയാണെങ്കിൽ കോടിക്കണക്കിന് രൂപ നമുക്ക് ഉണ്ടാക്കാൻ കഴിയും അതുപോലെ.....

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ അതെക്കുറിച്ചല്ല പറഞ്ഞത്. ഈ നിയമം ഡോ. അടിയോടി കൊണ്ടുവന്ന നിയമമാണ്. ശ്രീ. കുഞ്ഞമ്പു കൊണ്ടുവന്ന നിയമമാണ്. ശ്രീ. ശ്രീനിവാസൻ കൊണ്ടുവന്ന നിയമമാണ്. അത് ഞാനും കൊണ്ടുവന്നു.....

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: സർ, ഒരു പോയിന്റ് ഓഫ് ആർഡർ ഒരു സുപ്രധാനമായ ബില്ലിനെ സംബന്ധിച്ച് മന്ത്രി മറുപടി പറയുമ്പോൾ മെമ്പറുടെ ചോദ്യത്തിന് വഴങ്ങുകയില്ലെന്ന് പറയുന്നത് ആർഡറിലാണോ?

മി. സ്പീക്കർ: റൂളിങ്ങിന്റെ ആവശ്യമില്ല. മന്ത്രിയുടെ തീരുമാനത്തിന്റെ കാര്യമാണ്.

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഒരു മെമ്പർക്ക് ചോദ്യം ചോദിക്കാൻവേണ്ടി വഴങ്ങുകയും ആ മെമ്പറുടെ ചോദ്യം പൂർത്തിയാകുന്നതിന് മുമ്പ് വഴങ്ങുകയില്ലെന്ന് പറയുകയും ചെയ്യുന്നത് ആർഡറിലാണോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ പറഞ്ഞത് ഫോറസ്റ്റ് റവന്യൂവിനെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മെമ്പർ വരുമാനം ഉണ്ടാക്കുന്ന കാര്യത്തെക്കുറിച്ചാണ് പറഞ്ഞത് അതുകൊണ്ടാണ്. ഞാൻ വഴങ്ങാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, അതിന് റൂളിങ്ങ് വേണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: 3,23,000 രൂപയാണ് മൈനർ പ്രൊഡ്യൂസിൽനിന്ന് സർക്കാരിന് ആണ്ടിൽ കിട്ടുന്നതെന്ന് ഞാൻ പറഞ്ഞപ്പോൾ, കോടിക്കണക്കിനു രൂപ കിട്ടാൻ സാദ്ധ്യതയുണ്ടെന്ന് പറഞ്ഞു, അതിൻമേലുള്ള ചർച്ചയ്ക്കാണ് ബഹുമാനപ്പെട്ട മെമ്പർ തയ്യാറായത്. അതുമായി ഇതിന് യാതൊരു ബന്ധവുമില്ല. ഈ കാര്യത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട ശ്രീനിവാസന് ചോദിക്കുവാനുള്ളതെങ്കിൽ, ചോദിക്കുന്നതിൽ യാതൊരു വിരോധവുമില്ല.

ശ്രീ. പി. കെ. ശ്രീനിവാസൻ: ഞാൻ പറഞ്ഞത് ഇപ്പോൾ 3 ലക്ഷമേ കിട്ടുകയുള്ളുവെങ്കിലും രണ്ട് മൂന്നു വർഷംകൂടി ഇത് ഫലപ്രദമായി കൈകാര്യം ചെയ്യുകയാണെങ്കിൽ ഇതിനേക്കാൾ കൂടുതൽ തുക ഇതിൽ നിന്ന് കിട്ടുമെന്നാണ്. അതിനുവേണ്ടി ഈ നികുതി വരുന്നത് ശരിയാണോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇപ്പോൾ തന്നെ മൂന്നു ലക്ഷമല്ല, അതിനേക്കാൾ കൂടുതൽ സർക്കാരിന് കിട്ടാനുള്ള സാദ്ധ്യതകളുണ്ട്. പക്ഷേ അതെല്ലാം ഗിരിവർഗ്ഗക്കാരുടെ സൊസൈറ്റികൾക്ക് കൺസഷൻ റേറ്റിൽ ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് ഇതിന്റെ യഥാർത്ഥത്തിലുള്ള വില സർക്കാരിന് കിട്ടുന്നില്ല. അത് സൊസൈറ്റികൾ കളക്ട് ചെയ്യുകയാണ്. ചെറിയ ഒരു ഭാഗം മാത്രമാണ് സർക്കാരിന് കിട്ടുന്നത്. ബാക്കി മുഴുവനും പോകുന്നത് സൊസൈറ്റികൾക്കാണ്. മൂന്നു ലക്ഷത്തിൽപ്പരം രൂപ മാത്രമാണ് സർക്കാരിലേക്ക് വരുന്നത്, ശ്രീ. ശ്രീനിവാസൻ പറഞ്ഞ കാര്യത്തെ സംബന്ധിച്ചിടത്തോളം സബ് ജക്ട് കമ്മിറ്റി കൂടുമ്പോൾ ചർച്ച ചെയ്യാവുന്നതാണ്. എന്നെ സംബന്ധിച്ചിടത്തോളം എനിക്ക് മാത്രമായി ഈ കാര്യത്തിൽ യാതൊരു നിർബന്ധവുമില്ല. സബ്ജക്ട് കമ്മിറ്റി കൂടുന്ന സന്ദർഭത്തിൽ ഈ വക കാര്യങ്ങൾ ചർച്ച ചെയ്യാമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് ഓർഡിനൻസ് പുറപ്പെടുവിക്കാതിരുന്നത് വിശദമായ ചർച്ച നടത്തി പാസാക്കാനാണെന്നാണ്. അങ്ങനെയുള്ള ഈ ബില്ല് വാസ്തവത്തിൽ സെലക്ട് കമ്മിറ്റിയ്ക്കാണ് അയക്കേണ്ടത്. സബ്ജക്ട് കമ്മിറ്റി കൂടുന്നത് ചില പ്രത്യേക കാര്യങ്ങൾക്കുവേണ്ടിയാണെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ഈ വക കാര്യങ്ങളിൽ, വിദഗ്ധമായ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനുവേണ്ടി അംഗങ്ങളുടെ സഹായം തേടാനും ഫലപ്രദമായ നടപടി എടുക്കാനുംവേണ്ടി, സെലക്ട് കമ്മിറ്റിക്ക് അയക്കുന്നതായിരിക്കും നല്ലത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: 1976-ലും, 1978-ലും, 1979-ലും ഓർഡിനൻസ് വേണമെന്ന് പറഞ്ഞത്, അത്രയും പ്രാധാന്യമുള്ള ഒരു ബില്ലായതുകൊണ്ടാണ്. അന്നത്തെ ചിന്താഗതിതന്നെ ഇത് വളരെ പെട്ടെന്ന് പാസാക്കിയെടുക്കേണ്ട ബില്ലാണെന്നായിരുന്നു. അതുകൊണ്ടാണ് അന്ന് ഓർഡിനൻസിന്റെ പ്രൊപ്പോസൽ കൊണ്ടുവന്നത്. അതുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് അയക്കേണ്ട ബില്ലല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: 1976-ൽ പാസാക്കാൻ കൊണ്ടുവന്നിട്ട് 1981 വരെ ആയിട്ടും വലിയ അപകടമൊന്നുമുണ്ടാകാത്ത സാഹചര്യത്തിൽ, സെലക്ട് കമ്മിറ്റിക്കു പോയി കഴിഞ്ഞാൽ വളരെ കൂടുതൽ സമയം വേണ്ടിവരുകയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർക്കാരിന് അത്രയും നഷ്ടം വരും.

ശ്രീ. ജോസ് കുറ്റ്യാനി: സർക്കാരിന് നഷ്ടം വരാതിരിക്കാൻ വേണ്ടി, 5 ശതമാനം നികുതി കൂട്ടുന്നതിനുവേണ്ടിയാണ് ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നത്. അതിൽ സന്തോഷമുണ്ട്. സർക്കാരിന് അങ്ങനെ ഒന്നരക്കോടി രൂപയുടെ ലാഭത്തിനുവേണ്ടിയുള്ള ബില്ല് കൊണ്ടുവരുമ്പോൾ ഒന്നരക്കോടി രൂപയിലധികം നഷ്ടം വരാനുള്ള സാഹചര്യമുണ്ടാക്കി കൊണ്ട്, സ്വകാര്യമുതലാളിമാരായ പ്ലൈവുഡ് ഇൻഡസ്ട്രീസ്കാർക്ക് 120 രൂപയും, 150 രൂപയുമൊക്കെ കുറച്ച്, ഈ അടുത്ത കാലത്ത് കൊടുത്തു എന്നുള്ളതു സത്യമായിരിക്കെ, നഷ്ടം ഉണ്ടാകാതിരിക്കാനാണെങ്കിൽ പ്ലൈവുഡിന്റെ വില കുറക്കുന്ന ഏർപ്പാട് നിറുത്തുകയായിരുന്നില്ലേ കൂടുതൽ ബുദ്ധി.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇത് ശ്രീ. കുറ്റ്യാനി പ്രസംഗിച്ചപ്പോൾ പറഞ്ഞ കാര്യമാണ്. അത് ഞാൻ നോട്ട് ചെയ്തു വച്ചിട്ടുണ്ട്. അതിനെക്കുറിച്ചുള്ള മറുപടി ഞാൻ പറയാം.

ശ്രീ. സി. എ. കുര്യൻ: ഈ ബില്ല് കൊണ്ടുവന്നതിൽ ശ്രീ. കുട്ട്യാനിക്ക് സന്തോഷമുണ്ടെന്ന് അദ്ദേഹം പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കാത്തതെന്താണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: നല്ല നിർദ്ദേശങ്ങൾ ശ്രീ. കുര്യന്റേതാണെങ്കിലും, ശ്രീ. കുറ്റ്യാനിയുടേതാണെങ്കിലും, ആരുടേതാണെങ്കിലും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഇവിടെ പ്രധാനമായും വന്നത് മൈനർ പ്രൊഡ്യൂസിനെക്കുറിച്ചുള്ള പരാതിയാണ്. ഞാൻ അതിനെക്കുറിച്ചുമാത്രമേ ഇപ്പോൾ പറയുന്നുള്ളൂ. ആ കാര്യം സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാവുന്നതാണ്.

മൂന്നു ലക്ഷത്തിൽ പരം രൂപയുള്ളതിൽ 15,000-വും 16,000-വുമാണ് ഈ ബില്ല് പാസായാൽ സർക്കാരിന് കിട്ടാൻ പോകുന്നത്. ഈ രാജ്യത്തെ എല്ലാ ആയുർവേദ മരുന്നുകൾക്കും വിലകൂടുമെന്നു പറഞ്ഞ കാര്യത്തെക്കുറിച്ച്, സബ്ജക്ട് കമ്മിറ്റിയിൽ ആലോചിക്കാം. ആലോചിച്ചു കൊണ്ട് തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ഇവിടെ കുറുന്തോട്ടിയുടേയും അതുപോലുള്ള മറ്റ് സാധനങ്ങളുടേയും പേരു പറഞ്ഞു. പക്ഷേ അതേയവസരത്തിൽ ഈ ബില്ല് കൊണ്ടുവന്നതുകൊണ്ട്, ഏറ്റവും ദോഷം വരാൻ പോകുന്നത് ഏറ്റവും വലിയ തടികച്ചവടക്കാർക്കാണ്. ആ തടിക്കച്ചവടക്കാരിൽനിന്നാണ് സർക്കാർ വാങ്ങിക്കാൻ പോകുന്നത്. അതല്ലാതെ സാധാരണക്കാരായ ആളുകളിൽ നിന്നല്ല. പക്ഷേ ഇവിടെ വരുന്ന വാദഗതി, വീടുവയ്ക്കുന്ന ആളുകളിൽ നിന്ന്, കളക്ട് ചെയ്യുമെന്നാണ്. അവരിൽനിന്ന് കളക്ട് ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഒരൊറ്റ സ്ഥലത്തുവച്ച് സർക്കാർ തടി വിൽപ്പന നടത്തുമ്പോൾ, അവിടെനിന്നു വാങ്ങിക്കുന്ന ആളുകളിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ നികുതി ഈടാക്കാൻ ഉദ്ദേശിക്കുന്നുള്ളു. തടിക്കച്ചവടക്കാർ വിലകൂട്ടി കക്ഷികൾക്ക് കൊടുക്കും എന്നുള്ള വാദം പൊന്തിവന്നു. അത് ചിലപ്പോൾ ഉണ്ടാകാം. ഞാൻ അത് നിഷേധിക്കുന്നില്ല.

നമ്മുടെ സംസ്ഥാനത്ത് ഇന്നുള്ള തടിയുടെ വലിയൊരു പങ്കും അന്യ സംസ്ഥാനങ്ങളിലേക്ക് ആണ് പോകുന്നത് എന്നുള്ള കാര്യം നാം മനസ്സിലാക്കണം. അന്യസംസ്ഥാനങ്ങളിലേക്ക് പോകുമ്പോൾ, നമുക്ക് ബാക്കിയുള്ളതെല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കിട്ടുന്നത് എന്നുള്ള കാര്യവും ഓർക്കണം.

ഇവിടെ പല അംഗങ്ങളും ചൂണ്ടിക്കാണിച്ച ഒരു കാര്യം, തടിവില കൂടി കഴിഞ്ഞാൽ സാധാരണക്കാർക്ക് വാങ്ങിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകും എന്നാണ്. എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്, നമുക്ക് വേണ്ടത്ര തടി പ്ലാൻറ് ചെയ്തു ഉണ്ടാക്കാൻ കഴിയാതെ വരുകയാണെങ്കിൽ, ഈ രാജ്യത്ത് തടി വളരെ കുറയും എന്നാണ്. അങ്ങനെ കുറഞ്ഞു വന്നാൽ, മാർക്കറ്റിൽ സാധനം കുറഞ്ഞാൽ, അതിന്റെ ഫലമായി ഡിമാൻറ് വർദ്ധിക്കും, വില കൂടും. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. കെ. കരുണാകരൻ: ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്, വലിയ തടി ഒഴിച്ചുള്ള മറ്റ് ഫോറസ്റ്റ് പ്രോഡക്ട്സ് ഒക്കെ എക്സംപ്റ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നാണോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്, സബ്ജക്ട് കമ്മിറ്റിയിൽവച്ച് ഈ കാര്യങ്ങളെക്കുറിച്ച് ആലോചിക്കാവുന്നതാണെന്ന്. ഈ ബില്ല് പാസാക്കിയാൽ സർക്കാരിന് 16,000-ത്തോളം രൂപ മാത്രമാണ് കിട്ടുന്നത്; അതും മൈനർ പ്രോഡ്യൂസിൽ നിന്ന്. ബാക്കിയെല്ലാം വരുന്നത് വൻകിട തടിക്കാരിൽ നിന്നാണ്. പക്ഷേ തടി കുറഞ്ഞു പോയാൽ, വനം കുറഞ്ഞു പോയാൽ, മാർക്കറ്റിൽ സാധനം ഇല്ലാതെവരും. അങ്ങനെ സാധനമില്ലാതെ വന്നുകഴിഞ്ഞാൽ വില കൂടും: അത് സാധാരണക്കാരെകൂടി ഭാവിയിൽ വളരെ പ്രതികൂലമായി ബാധിക്കും. അഞ്ച് ശതമാനം ടാക്സ് കൂടി വച്ചാൽ, ആ ടാക്സ്കൊണ്ട് കുറെ പ്ലാൻറ് ചെയ്യാൻ സാധിച്ചാൽ, ഭാവിയെ സംബന്ധിച്ചിടത്തോളം വളരെ ഗുണം ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ ഉദ്ദേശം മനസ്സിൽ വച്ചുകൊണ്ടാണ് സെൻട്രൽ ബോർഡ് ആഫ് ഫോറസ്ട്രിയും, ഇൻഡ്യാ ഗവൺമെൻറും ഈ സ്ംസ്ഥാനത്ത് മാറിമാറിവന്ന ഗവൺമെൻറുകളും ഈ ബില്ല് വേണമെന്ന് പറഞ്ഞത്.

ചില തടികളെ സംബന്ധിച്ചിടത്തോളം ചില സ്ഥലങ്ങളിൽ, ചില പ്രശ്നങ്ങൾ ചില മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ ദിവസം നടന്ന ഡിസ്ക്കഷനിൽ ഒരു കാര്യം ശ്രീ. തമ്പി ചൂണ്ടിക്കാണിച്ചു. അതായത് ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം, തലച്ചുമടായി അവർ മുള കൊണ്ടുപോകുമ്പോൾ അവരിൽനിന്ന് ആറ് രൂപ വാങ്ങിക്കുന്നു, ഗ്വാളിയോർ റയോൺസിൽനിന്ന് ഒരു രൂപയാണ് വാങ്ങിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. എനിക്ക് അറിഞ്ഞുകൂടാ, എന്തുകൊണ്ടാണ് എപ്പോഴും ഗ്വാളിയോറിനെക്കുറിച്ച് പറയുന്നതെന്ന്! ഗ്വാളിയോർ റയോൺസിന് ഒരു രൂപയ്ക്കു കൊടുത്തിരുന്ന കാലമുണ്ടായിരുന്നു. ആ കാലഘട്ടം കേരളത്തിൽ അവസാനിച്ചിരിക്കുന്നു. ഇന്ന് ഗ്വാളിയോർ റയോൺസിൽനിന്ന് സർക്കാർ 105 രൂപയാണ് വാങ്ങിക്കുന്നത് എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1978-ൽ ഈ സംസ്ഥാനത്ത് 'പ്രൈസ് ഫിക്സേഷൻ ആക്ട്' എന്നു പറയുന്ന ഒരു ആക്ട് കൊണ്ടുവന്നു. ആ ആക്ട് വന്നതിനുശേഷം, ആദ്യമായി, ശ്രീ. പി. എസ്. ശ്രീനിവാസൻ മന്ത്രിയായിരുന്ന കാലത്ത്, ഒരു ടണ്ണിന് 36 രൂപയായി ഉയർത്തി. അതിനുശേഷം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 60 രൂപയാക്കി. രണ്ട് മാസം മുമ്പ് ഈ ഗവൺമെന്റ് 105 രൂപയായി വർദ്ധിപ്പിച്ചു എന്നുള്ളതാണ് വസ്തുത. അല്ലാതെ ഒരു രൂപയല്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഓപ്പൺ മാർക്കറ്റിൽ എന്തു വിലയുണ്ട്?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഓപ്പൺ മാർക്കറ്റിലെ വിലയല്ല കാര്യം. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി ഒരു കാര്യം മനസ്സിലാക്കണം. ഈ സംസ്ഥാനത്ത് പ്രൈസ് ഫിക്സേഷൻ ആക്ട് എന്നു പറയുന്ന ഒരു ആക്ടുണ്ട്. 1978-ൽ 1 രൂപ 67 പൈസക്ക് ഗവാളിയോർ റയോൺസിന് കൊടുത്തിരുന്നു. ശ്രീ. കുഞ്ഞാമ്പു നിയമം കൊണ്ടുവന്നു. ശ്രീ. പി. എസ്. ശ്രീനിവാസൻ മന്ത്രിയായിരുന്ന കാലത്ത് അത് 36 രൂപയായി വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 60 രൂപയാക്കി. അതു കഴിഞ്ഞ് 105 രൂപയാക്കി ഈ സർക്കാർ വർദ്ധിപ്പിച്ചു. ഓപ്പൺ മാർക്കറ്റിലെ വില നോക്കിയല്ല കൂപ്പായിട്ടാണ് വിൽപ്പന നടത്തുന്നത്. ഗവൺമെന്റ് ഗവാളിയോർ റയോൺസ് കമ്പനിയുമായി ഒരു എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. ഇന്നല്ല എഗ്രിമെന്റ് ഉണ്ടാക്കിയത്. 1958-ൽ ആണ് എഗ്രിമെന്റ് ഉണ്ടാക്കിയത്. ആ എഗ്രിമെന്റ് പ്രകാരം കൊടുക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അതിനുശേഷം 1974-ൽ ഗവാളിയോർ റയോൺസുമായി വീണ്ടും എഗ്രിമെന്റ് ഉണ്ടാക്കി. എഗ്രിമെന്റ് ഏരിയായിൽ 1·67-ഉം എഗ്രിമെന്റ് ഏരിയായ്ക്ക് പുറമേ 18 രൂപ പ്രകാരവും കൊടുക്കാൻ 1974-ൽ ഗവൺമെന്റ് എഗ്രിമെന്റ് ഉണ്ടാക്കി. ആ എഗ്രിമെന്റിനെ മറികടക്കാൻവേണ്ടി, പ്രൈസ് ഫിക്സേഷൻ ആക്ട് എന്നു പറയുന്ന ആക്ട് 1978-ൽ കൊണ്ടുവന്നു. ആ ആക്ടിന്റെ അടിസ്ഥാനത്തിൽ ആ ആക്ടിൽതന്നെ ചില വ്യവസ്ഥകൾ പറഞ്ഞിരുന്നു. ജനറേഷൻ കോസ്റ്റും മാർക്കറ്റ് വിലയും പരിഗണിച്ചുകൊണ്ട് ആറ് മാസം കൂടുമ്പോഴും വില വർദ്ധിപ്പിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില കുറച്ചില്ല എന്നുമാത്രമല്ല വില വർദ്ധിപ്പിച്ചു എന്നുള്ളതാണ് വസ്തുത.

ഗവാളിയോർ റയോൺസിന് കൊടുക്കുന്ന യൂക്കാലിപ്റ്റസിനെ സംബന്ധിച്ചും അതുതന്നെയാണ് സ്ഥിതി.

ശ്രീ. കെ. കരുണാകരൻ: ഗവൺമെന്റ് കൊടുത്തിട്ടുള്ള റേറ്റും മാർക്കറ്റ് റേറ്റും തമ്മിലുള്ള പ്രോപ്പോഷൻ എന്താണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: ജനറേഷൻ കോസ്റ്റും, മാർക്കറ്റ് റേറ്റും പരിഗണിച്ചുകൊണ്ട് 1978-ൽ ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി ഇതിന്റെ അടിസ്ഥാനത്തിൽ റെക്കമെന്റ് ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ വില നിജപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1958–ലാണ് ആദ്യം എഗ്രിമെൻറ് ഉണ്ടായത്. അതുകഴിഞ്ഞ് 1974–ൽ എഗ്രിമെൻറ് ഉണ്ടായി. 22 1/2 രൂപയ്ക്ക് ഗ്രാളിയോർ റയോൺസിനു കൊടുക്കാൻ ഗവൺമെൻറ് 1972-ൽ എഗ്രിമെൻറ് വച്ചു. ആ എഗ്രിമെൻറിന്റെ അടിസ്ഥാനത്തിൽ ഇരുപത്തി രണ്ടര രൂപയ്ക്ക് കൊടുക്കേണ്ടതായിരുന്നു.

ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആദ്യമായി ബഹുമാനപ്പെട്ട പി. എസ്. ശ്രീനിവാസൻ മിനിസ്റ്റർ ആയിരിക്കുന്ന കാലത്ത് 95 ഉറുപ്പിക നിജപ്പെടുത്തി. അതിനുശേഷം ഈ ഗവൺമെൻറ് അധികാരത്തിൽ വന്നു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ആദ്യത്തെ 6 മാസം 125 ഉറുപ്പികയായി വർദ്ധിപ്പിച്ചു. 6 മാസം കഴിഞ്ഞപ്പോൾ 155 ഉറുപ്പികയായി വർദ്ധിപ്പിച്ചു. അതിനുശേഷം 2 മാസം മുമ്പ് 220 ഉറുപ്പികയായി വർദ്ധിപ്പിച്ചു എന്നുള്ളതാണ് വസ്തുത. ഇരുപത്തിരണ്ടര ഉറുപ്പിക ആയിരുന്ന എഗ്രിമെൻറ് അനുസരിച്ച് യൂക്കാലിപ്റ്റസിന്റെ വില. ഇന്ന് 220 ഉറുപ്പികയായി വർദ്ധിപ്പിച്ചു എന്നുള്ളതാണ് സത്യം. ഇത് നാം കാണണം.

ശ്രീ. കെ. കരുണാകരൻ: 1978 വരെയുള്ള പ്രശ്നം എന്താണെന്നു വച്ചാൽ 1958–ലെ എഗ്രിമെൻറ് റീ ഓപ്പൺ ചെയ്യാൻ പ്രൊവിഷൻ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് 1978-ൽ പുതിയ ലജിസ്ലേഷൻ വേണ്ടി വന്നത്. ആ ലെജിസ്ലേഷൻ വന്നതിനുശേഷം ഗവൺമെൻറിനു പൂർണ്ണമായ അധികാരം ഉണ്ട്. ആ അധികാരം വിനിയോഗിച്ചുകൊണ്ട് ഫിക്സ് ചെയ്യുന്ന അവസരത്തിൽ ഇന്നത്തെ മാർക്കറ്റ് റേറ്റും ഗവൺമെൻറ് ഫിക്സ് ചെയ്ത റേറ്റും തമ്മിലുള്ള വ്യത്യാസമെന്താണെന്നാണ് ചോദ്യം.

ശ്രീ. ആര്യാടൻ മുഹമ്മദ്: യൂക്കാലിപ്റ്റസിനെ സംബന്ധിച്ചിടത്തോളം കേരളത്തിൽ മാർക്കറ്റ് റേറ്റ് ഇല്ല, മാർക്കറ്റ് റേറ്റ് എന്നു പറയുന്നത് നമ്മുടെ ഓക്ഷൻ റേറ്റ് ആണ്. കേരളത്തിൽ ഇന്നുവരെ അങ്ങനെ ഒരു മാർക്കറ്റ് റേറ്റ് ഇല്ല. യൂക്കാലിപ്റ്റസിനെ സംബന്ധിച്ചിടത്തോളം അതാണു വസ്തുത.

ശ്രീ. കെ. കരുണാകരൻ: ഓക്ഷൻ റേറ്റ് മാർക്കറ്റ് റേറ്റായി കണക്കാക്കുകയാണെങ്കിൽ ഗവൺമെൻറ് ഫിക്സ് ചെയ്ത റേറ്റുമായുള്ള വ്യത്യാസമെന്താണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഓക്ഷൻ റേറ്റ് ആണ് മാർക്കറ്റ് റേറ്റ് എന്നു പറയുന്നത്. കേരളത്തിൽ ഓക്ഷൻ നടത്തിയിട്ടില്ല. അതുകൊണ്ടാണ് ഇവിടെ മാർക്കറ്റ് പ്രൈസ് ഇല്ലെന്നു പറയുന്നത്. എന്നു മാത്രമല്ല ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വില നിജപ്പെടുത്തിയ പ്രൈസ് ഫിക്സ് ചെയ്തതിനെക്കുറിച്ച് ഒരു നോട്ടിഫിക്കേഷൻ ഇഷ്യു ചെയ്തതിനെക്കുറിച്ച് കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. 155 ഉറുപ്പിക ആയിരുന്ന സന്ദർഭത്തിൽത്തന്നെ ഇത് തെറ്റാണെന്ന് കേരളാ ഹൈക്കോടതി പറഞ്ഞു. രണ്ടാമത് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോഴും റൂൾ അമൻറു ചെയ്തു കാണ്ടാണ് വർദ്ധിപ്പിച്ചത് എന്നുള്ളതാണ് വസ്തുത. അതാണ് സത്യം. എതായാലും അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളു. ബഹുമാനപ്പെട്ട കുറ്റ്യാനി പറയുകയുണ്ടായി ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഇതിന്റെ സെക്ഷൻ–6–നെ സംബന്ധിച്ചിടത്തോളം സെക്ഷൻ–6–നെ കേരളാ ഹൈക്കോടതിയിൽ സ്ട്രൈക് ഡൗൺ ചെയ്തു. സ്ട്രൈക് ഡൗൺ ചെയ്തതുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അഡീഷണൽ അഡ്വക്കേറ്റ് ജനറലുടെ വാദത്തിൽ തകരാറുണ്ടായി എന്നദ്ദേഹം പറഞ്ഞു. പക്ഷെ ഒരു കാര്യം മാത്രമേ എനിക്ക് ഈ അവസരത്തിൽ പറയാനുള്ളു. ഈ നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് ഗ്വാളിയോർ റയോൺസും അതുപോലെ മറ്റു പലകമ്പനികളും കേരളാ ഹൈക്കോടതിയിൽ പോയി. 74, 78–ഓളം പെറ്റീഷൻസ് ഉണ്ടായിരുന്നു ആ പെറ്റീഷനുകളിലെല്ലാം പുനലൂർ പേപ്പർ മിൽസും അതുപോലെ ഗ്വാളിയോർ റയോൺസും വാദിച്ചു. ഞങ്ങളും അതുപോലെ എഗ്രിമെന്റ് വച്ച പാർട്ടികളാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ എഗ്രിമെന്റ് സൂപ്പർസീഡ് ചെയ്യാൻ വേണ്ടി അതുപോലെ നിയമം കൊണ്ടുവരുന്നത് ശരിയല്ല, ഈ നിയമംകൊണ്ട് സൂപ്പർസീഡ് ചെയ്യാൻ സാദ്ധ്യമല്ല. അതുകൊണ്ട് ആ നോട്ടിഫിക്കേഷൻ ബാധകമാക്കാൻ പാടില്ല. ഇന്ന് ഗവൺമെന്റ് നിജപ്പെടുത്തിയിട്ടുള്ള നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള വില ബാധകമാക്കാൻ പാടില്ലെന്ന് ഗ്വാളിയോർ റയോൺസും പുനലൂർ പേപ്പർ മിൽസും വാദിച്ചു. എന്നു മാത്രമല്ല അവർ മറ്റൊരുകാര്യം കൂടി പറഞ്ഞു. സെക്ഷൻ 6–ൽ ഡിസ്ക്രിമിനേഷൻ ഉണ്ടെന്ന് അവർ വാദിച്ചു. ഗവൺമെന്റ് ചില കമ്പനികൾക്ക് വേണ്ടി വിൽപ്പന കൊടുക്കുന്നു. കേരളാ ഗവൺമെന്റിന്റെ അണ്ടർടേക്കിംഗ്സ് ഉണ്ട്, കേന്ദ്ര ഗവൺമെന്റിന്റെ അണ്ടർ ടേക്കിംഗ്സ് ഉണ്ട് അതിനു കൊടുക്കുന്നു. അതിനു വില കുറയ്ക്കുന്നു, ഞങ്ങളോടു വില കൂടുതൽ വാങ്ങുന്നു ഇതിൽ ഡിസ്ക്രിമിനേഷൻ ഉണ്ടെന്നു പറഞ്ഞുകൊണ്ട് വാദംവന്നു. അങ്ങനെ വാദംവന്ന സന്ദർഭത്തിൽ ഞങ്ങളും അതിനെ സംബന്ധിച്ചിടത്തോളം ഡിസ്കസ് ചെയ്തു. സെക്രട്ടേറിയറ്റിൽ തന്നെ ഒരു കോൺഫറൻസിനു വേണ്ടി അഡീഷണൽ അഡ്വക്കേറ്റ് ജനറൽ വന്നിരുന്നു. ഞാനും അന്നത്തെ ലാ സെക്രട്ടറിയും. ഫോറസ്റ്റ് സെക്രട്ടറിയും എല്ലാംകൂടി മറ്റൊരു കാര്യത്തെക്കുറിച്ച് അഡീഷണൽ അഡ്വക്കേറ്റ് ജനറലുമായി ആലോചിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ ഈ നിയമത്തെക്കുറിച്ച് ചോദിച്ചു. ചോദിച്ചപ്പോഴാ സെക്ഷൻ 6–ന്റെ പ്രശ്നമാണ്. സെക്ഷൻ 6 നിലനിറുത്താൻ ശ്രമിച്ചാൽ നിയമംതന്നെ പോകും. എന്നു മാത്രമല്ല അതിന്റെ ഫലമായി ഗ്വാളിയോർ റയോൺസും പുനലൂർ പേപ്പർ മിൽസും രക്ഷപ്പെടുമെന്നുള്ള ഒരു ധാരണയാണ് ഉണ്ടായത്. അതു വന്നപ്പോഴാ ഞാൻ തന്നെ പറഞ്ഞതാണ് ഈ നിയമം ദുർബലപ്പെട്ട് ഇൻവാലിഡ് ആകാൻ പാടില്ല എന്ന്. ഈ നിയമം നിലനിൽക്കണം. ഈ നിയമം നിലനിൽക്കണമോ സെക്ഷൻ–6 നിലനിൽക്കണമോ എന്നു വന്നപ്പോഴാ സെക്ഷൻ–6 നിലനിറുത്തിക്കൊണ്ട് ഈ നിയമം നിലനിറുത്താൻ കഴിയുമെങ്കിൽ അതിനു ശ്രമിക്കണം എന്നു പറഞ്ഞുകൊണ്ടാണ് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അങ്ങനെ വാദിച്ചത്. അത് അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായമല്ല, കേരളാ ഗവൺമെന്റിന്റെ അഭിപ്രായമാണ്.

ശ്രീ. കെ. കരുണാകരൻ: ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് ഉപദേശിച്ച അഡീഷണൽ അഡ്വക്കേറ്റ് ജനറൽ തന്നെയാണോ നിയമം ഭേദഗതി ചെയ്യുന്ന കാലത്ത് ഭേദഗതി ചെയ്യാൻ ഉപദേശിച്ച ആളും. ഏതായാലും ഉപദേശിച്ചതിനുശേഷം ഈ 6–ാം വകുപ്പിനെക്കുറിച്ച് പറയുന്ന അവസരത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുതന്നെ കുറെ

LIBRARY ARCHIVES Kerala Legislative Assembly

സമ്മതം നടത്തുകയാണ്. കുറേസമ്മതം നടത്തുന്ന അവസരത്തിൽ അതിനു മുമ്പ് എടുക്കേണ്ട ചില നടപടികളും ഉണ്ടായിരുന്നു. 6-ാം വകുപ്പിൽ തെറ്റുണ്ടെങ്കിൽ ആ തെറ്റു തിരുത്താൻ ആവശ്യമായ ഭേദഗതികളും കൊണ്ടു വരുന്നതിനു പകരം കോടതിയിൽ ചെന്ന് അംഗീകരിക്കുകയും ഇൻഡ്യയ റക്ട് ആയി അനുഭവത്തിൻ സ്വകാര്യ മുതലാളിമാർക്ക് അനുകൂലമായി തീരുമാനമെടുക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം പരിഹാസ്യമായിട്ട് തോന്നുന്നില്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട കുറ്റ്യാനിയും ഇപ്പോൾ പറയാൻ ശ്രമിക്കുന്നത് സ്വകാര്യ മുതലാളിമാർക്കുവേണ്ടി അനുകൂലമായ തീരുമാനം ഉണ്ടാക്കാൻ വേണ്ടി ഇതുപോലൊരു കോടതിവിധി ഉണ്ടാക്കി എന്നാണ്. ഇതിന്റെ വസ്തുത അതല്ല. ഈ സെക്ഷൻ 6 പോയില്ലെങ്കിൽ ഈ നിയമം ഇൻവാലിഡ് ആകും. ഈ നിയമം ഇൻവാലിഡ് ആയിക്കഴിഞ്ഞാൽ ഗ്വാളിയോർ റയോൺസിനും പുനലൂർ പേപ്പർ മില്ലിനും ഇരുപത്തിരണ്ടര ഉറുപ്പികക്ക് യൂക്കാലിപ്റ്റസ് കൊടുക്കേണ്ടി വരും. അതുപോലെതന്നെ ഗ്വാളിയോർ റയോൺസിന് 1 രൂപ 67 പൈസക്ക് ബാംബു കൊടുക്കേണ്ടതായി വരും. ഈ നിയമം ഇല്ലാതെ വന്നാൽ, അപ്പോൾ സെക്ഷൻ 6 പോയാലും നിയമം നിലനിറുത്തണമെന്ന് ഗവൺമെന്റ് പറയാനുണ്ടായ കാരണം. ഗ്വാളിയോർ റയോൺസിനോടും പുനലൂർ പേപ്പർ മില്ലിനോടും അതുപോലുള്ള വൻകിടക്കാരോടും സർക്കാരിന് കിട്ടാനുള്ളത് വാങ്ങണമെന്ന് ഉദ്ദേശിച്ചു കൊണ്ടുതന്നെയാണ്.

ശ്രീ. ജോസ് കുറ്റ്യാനി: കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് പ്രൈസ് ഫിക്സേഷൻ ആക്ടിൽ 6-ാം വകുപ്പ് സർക്കാർ നിശ്ചയിക്കുന്ന റേറ്റിൽനിന്ന് പൊതുമെഖലാ സ്ഥാപനങ്ങളേയും സ്റേറ്റിന്റെ ഉടമസ്ഥതയിലും കേന്ദ്രഗവൺമെന്റിന്റെ ഉടമസ്ഥതയിലും ഉള്ള സ്ഥാപനങ്ങളെയും എക്സംപ്റ് ചെയ്യാനുള്ള പവ്വേഴ്സാണ് ഇതിനകത്ത് കൊടുത്തിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ശ്രീനിവാസൻ ഫോറസ്റ്റ് മിനിസ്റ്റർ ആയിരിക്കുമ്പോൾ 1979 മാർച്ച് മാസം 9-ാം തീയതി ഈ സെക്ഷൻ 6-ന്റെ അടിസ്ഥാനത്തിൽ നോട്ടിഫിക്കേഷൻ ഇറക്കിയത് സർക്കാരിന്റെ അധികാരം ഉപയോഗിച്ചാണ്. വില കുറച്ച് ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനും അതുപോലെതന്നെ ബാംബു, കോർപ്പറേഷനും കൊടുക്കുന്നതിനു വേണ്ടിയാണ്. ഇതിനെ സംബന്ധിച്ച് നിയമപരമായി ഇത് നിലനിൽക്കുമോ ഇല്ലയോ എന്ന വാദം ഹൈക്കോടതിയിൽ വരുമ്പോൾ മുൻ ഗവൺമെന്റിലെ മന്ത്രി ആയിരുന്നു ശ്രീ. പി. എസ്. ശ്രീനിവാസൻ നോട്ടിഫൈ ചെയ്ത ആ നിയമം നിലനിൽക്കുമ്പോൾ ഈ ഗവൺമെന്റിനു വേണ്ടി ഹാജരാകുന്ന അഡ്വക്കേറ്റ് ജനറൽ ആ നോട്ടിഫിക്കേഷന്റെ ഭരണഘടനാപരമായ വാലിഡിറ്റിയെ I cannot uphold the validity of the notification issued under section 6 of the Act. എന്നു പറഞ്ഞ് ഹൈക്കോടതിയിൽ സബ്മിറ്റ് ചെയ്യുകയും അത് ഹൈക്കോടതി ജഡ്ജിമാർ റെക്കാർഡ് ചെയ്യുകയും ചെയ്തത് എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമായി പറയണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇതൊക്കെ ബഹുമാനപ്പെട്ട കുറ്റ്യാനി നേരത്തെ പ്രസംഗിച്ചതാണ്. ഞാൻ ബഹുമാനപ്പെട്ട കുറ്റ്യാനിയുടെ വാദം അംഗീകരിച്ചു എന്നു വിചാരിക്കുക. അംഗീകരിച്ചു കഴിഞ്ഞാൽ ഗ്വാളിയോർ റയോൺസിന് എന്താണ് ലാഭം. സെക്ഷൻ-6 ഇവിടെ നിലനിന്നാൽ ഗ്വാളിയോർ റയോൺസിന് എന്താണ് ലാഭം. സെക്ഷൻ 6-ൽ

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് പറയുന്നത് ഇൻഡ്യാ ഗവൺമെൻറിൻെറയും സംസ്ഥാന ഗവൺമെൻറുകളുടെയും അണ്ടർടേക്കിംഗ്സിന് എക്സംപ്ഷൻ കൊടുക്കാനുള്ള പ്രൊവിഷൻ സെക്ഷൻ 6-ൽ പറയുന്നു. സെക്ഷൻ 6 ഒഴിവായിക്കഴിഞ്ഞാൽ ഗ്വാളിയോർ റയോൺസിന് എന്താണ് ലംഭം? സെക്ഷൻ 6 നിലനിന്നാൽ ഗ്വോളിയോർ റയോൺസിന് എന്താണ് നഷ്ടം? ഒന്നുമില്ല. ഇതിൽ വാസ്തവത്തിൽ യാതൊരു വസ്തുതയുമില്ല. ഗ്വാളിയോർ റയോൺസ് സെക്ഷൻ 6 നിലനിറുത്തിക്കൊണ്ട് ഡിസ്ക്രിമിനേഷൻ ഉണ്ടെന്നു പറഞ്ഞുകൊണ്ട് ഈ നിയമം അസാധുവായി പ്രഖ്യാപിക്കാൻ വേണ്ടി കേരള ഹൈക്കോടതി നടത്തിയ ശ്രമമായിരുന്നു അതെന്നുള്ള കാര്യം മനസ്സിലാക്കണം. അതല്ലാതെ സെക്ഷൻ 6 നിലനിന്നാലും സെക്ഷൻ 6 ഇല്ലാതെ വന്നാലും ഗ്വാളിയോർ റയോൺസിനെയോ പുനലൂർ പേപ്പർ മിൽസിനെയോ ബാധിക്കുന്നില്ല. ബഹുമാനപ്പെട്ട കുറ്റ്യാനി ഇവിടെ ചൂണ്ടിക്കാണിച്ചത് സെക്ഷൻ 6 നിലനിറുത്താൻ കമ്പനിക്ക് വേണ്ടി പോയി എന്നാണ്. സെക്ഷൻ 6 നിലനിന്നാൽ ഗ്വോളിയോർ റയോൺസിനോ പുനലൂർ പേപ്പർ മിൽസിനോ എന്താണ് ലാഭം?

ശ്രീ. കെ. കരുണാകരൻ: സെക്ഷൻ 6 നിലനിന്നാൽ ഗവൺമെൻറുണ്ടാക്കിയ കരാറനുസരിച്ച് ആവശ്യമായ ടിംബർ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന് കൊടുക്കണം. ഈ നിലക്കെടുത്ത നടപടികളിൽ ഹിന്ദുസ്ഥാൻ കോർപ്പറേഷൻ തയ്യാറാകാതെ വന്നാൽ ആ ടിംബർ കൂടി ഈ സ്വകാര്യ മേഖലയ്ക്കു പോകും. ആ മേഖലയിൽ നമുക്ക് കിട്ടാനുള്ള ഉദ്ദേശം വച്ചുകൊണ്ടാണെന്നാണ് ചാർജ്ജ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് കാര്യം മനസ്സിലാവാത്തതെയാണെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനറിയാം പണ്ടുകാലം മുതൽത്തന്നെ ഗ്വാളിയോർ റയോൺസുമായി ഉണ്ടാക്കിയ എഗ്രിമെൻറ് 1958-ൽ ഇന്ന ഏരിയാ എന്നു പറഞ്ഞ് ഡീമാർക്കേറ്റ് ചെയ്തു കൊടുത്തിരിക്കുകയാണ്.

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. സി. വാസുദേവമേനോൻ]

പുനലൂർ പേപ്പർമില്ലിനുള്ള ഏരിയാ ഡീമാർക്കേറ്റു ചെയ്തു 10 a.m. കൊടുത്തിരിക്കുകയാണ്. അതുപോലെ തന്നെ എച്ച്. പി. സി. ക്കും ഏരിയാ ഡീമാർക്കേറ്റു ചെയ്തു കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് ആ എഗ്രിമെൻറിൽ പറഞ്ഞ ഈ പ്രൊവിസ് ഫിക്സേഷൻ ആകുടുകൊണ്ട് ഒരൊറ്റ കാര്യം മാത്രമേ ഉദ്ദേശിക്കുന്നുള്ളു. ഗവൺമെൻറ് ഈ ആകുട് പ്രകാരം നിജപ്പെടുത്തുന്ന വിലയിൽ താണ വിലക്ക് വിൽക്കാൻ പാടില്ല എന്നു മാത്രമേ ഈ ആകുട് കൊണ്ടുദ്ദേശിക്കുന്നുള്ളു. എച്ച്. പി. സി. യുടെ എഗ്രിമെൻറുണ്ട്. എച്ച്. പി. സി. ക്ക് ഗവൺമെൻറ് നൽകാനുള്ള കാണ്ടിറി തീർച്ചയായും നൽകണം. അതുപോലെ തന്നെ ഗ്വാളിയോർ റയോൺസിനു നൽകണം. പുനലൂർ പേപ്പർമില്ലിനും നൽകണം. അതൊന്നും ഈ പറയുന്ന ആകുട് കൊണ്ടു പോകുന്നില്ല.

ശ്രീ. കെ. കരുണാകരൻ: എച്ച്. പി. സി. ക്കും പ്രൈവറ്റ് സെക്ടറിനും ഒരേ റേറ്റിനാണ് കൊടുക്കുന്നതെങ്കിൽ എച്ച്. പി. സി. യെ സംബന്ധിച്ചിടത്തോളം കംപ്ലീറ്റു ചെയ്യാൻ സാധിക്കുകയില്ല. അക്കാരണത്താൽ എച്ച്. പി. സി. എഗ്രിയും കാണ്ടിറി എടുക്കുന്നില്ലെങ്കിൽ സ്വാഭാവികമായും അതു മറേറ വിഭാഗത്തിനു പോകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇന്നു തന്നെ എച്ച്. പി. സി. ക്ക് സപ്ലൈ ചെയ്യുന്നില്ല. എച്ച്. പി. സി. എടുക്കുന്നില്ല. സപ്ലൈ ചെയ്യാത്തത് അതു കമ്മീഷൻ ചെയ്യാത്തതുകൊണ്ടാണ്. പക്ഷെ എച്ച്. പി. സി. ക്കു വേണ്ടി ഡീമാർക്കേറ്റു ചെയ്ത ഏരിയാ അവിടെ കിടക്കുകയാണ്. യൂക്കാലിപ്റ്റസ് 9-ാമത്തെ കൊല്ലത്തിൽ കട്ടു ചെയ്യേണ്ടതാണ്. ആ 8 കൊല്ലം കഴിഞ്ഞു 18 കൊല്ലമായിക്കഴിഞ്ഞിട്ടും കട്ടു ചെയ്യാൻ കഴിയുന്നില്ല. കാരണം ആ ഏരിയാ 'ന്യൂസ് പ്രിൻറ്' ഫാക്ടറിക്ക് മാറ്റിവച്ച ഏരിയായാണ്. ആ ഏരിയായിൽ നിന്നും മറ്റൊരു കമ്പനിക്കും ഈ ഗവൺമെൻറ് അലോട്ടു ചെയ്തിട്ടില്ല. അലോട്ടു ചെയ്യുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല. അതാണ് സത്യാവസ്ഥ. എന്നു മാത്രമല്ല, ഗ്വാളിയോർ റയോൺസ് ആണെങ്കിലും പുനലൂർ പേപ്പർ മില്ലാണെങ്കിലും ഉള്ള പ്രശ്നം എന്താണ്. ഇക്കാലം വരെ എഗ്രിമെൻറിൽ പറഞ്ഞ കപ്പാസിറ്റി അവർക്ക് കൊടുത്തിട്ടില്ലെന്ന ആക്ഷേപമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച ആശങ്കക്ക് അവകാശമില്ല. എച്ച്. പി. സി. ക്ക് പറഞ്ഞിട്ടുള്ള ഏരിയായിലുള്ള തടി എച്ച്. പി. സി. ക്ക് തന്നെ നൽകണം. ബാക്കിയുള്ള ആളുകൾക്കു നൽകിയ എഗ്രിമെൻറിൽ പറഞ്ഞ തടി അവർക്ക് നൽകണം. എച്ച്. പി. സി. യുടെ കോൺട്രാക്ടർ ഏരിയായിൽ നിന്നുള്ള തടികൾ ഒരിക്കലും ബാക്കിയുള്ള കമ്പനികൾക്കു കൊടുക്കാൻ കഴിയുകയില്ല. ആ എഗ്രിമെൻറ് അതുപോലെ നിലനിൽക്കുകയാണ്. ഇവിടെ പ്രശ്നം ഒന്നുമാത്രമാണ്. പ്രൈസ് ഫിക്സേഷൻ ആക്ട് കൊണ്ടുവന്നതിൻറെ ഓബ്ജക്റ്റ് തന്നെ സർക്കാരിൻറെ ഫോറസ്റ്റ് വെൽത്ത് പ്രിസർവു ചെയ്യുക എന്നുള്ളതായിരുന്നു. ആ ഒബ്ജക്റ്റ് ചുരുങ്ങിയ വിലക്ക് തടി കൊടുക്കുന്നത് തടയുക എന്നുള്ളതാണ്. അപ്പോൾ ഈ ഫോറസ്റ്റ് വെൽത്ത് പ്രിസർവ് ചെയ്യുക എന്ന ഓബ്ജക്റ്റ് വച്ചുകൊണ്ടാണ് ആക്ട് കൊണ്ടുവന്നത്. ഈ ആക്ട് കൊണ്ടുവന്നതിനു ശേഷം സെക്ഷൻ (6) ഈ ഒബ്ജക്ടിന് വിരുദ്ധമാണെന്ന വാദഗതി വന്നു. ഇവിടെ പറഞ്ഞു ഗവൺമെൻറിനു വേണ്ടി അഡ്വക്കേറ്റ് ജനറൽ ഇതിനനുകൂലമായി പറഞ്ഞുവെന്ന്. സർ, ഈ ജഡ്ജ്മെൻറ് നോക്കിയാൽ അതുവ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. സുപ്രീംകോടതിയിലെ ചില കേസുകൾ ഉദ്ധരിച്ചു. സുപ്രീം കോടതിയിൽ തന്നെ വന്നിട്ടുള്ള കേസുകൾ ഉണ്ട്. ഒരേ ദിവസത്തിൽത്തന്നെ ഒരേ വിഭാഗം ആളുകൾ ഒരു നിയമത്തിൽ ഒരിളവ് അനുവദിക്കുകയാണെങ്കിൽ ആ ഒബ്ജക്റ്റിനു വിരുദ്ധമാകാൻ പാടില്ലെന്നുള്ള സുപ്രീംകോടതിയുടെ റൂളിംഗ് ഉണ്ട്. ആ റൂളിംഗും കാര്യങ്ങളുമെല്ലാം പറഞ്ഞുകൊണ്ട് ഇതൊരിക്കലും ഫെയർ ആയിട്ടുള്ളതല്ല, ഇതൊരിക്കലും ഒബ്ജക്റ്റീവിനു നിരക്കുന്നതല്ല എന്നു പറഞ്ഞു കഴിഞ്ഞതിനു ശേഷം മാത്രമാണ് കേരള ഹൈക്കോടതി അതു പറയുന്നത്. അപ്പോൾ അഡ്വക്കേറ്റ് ജനറൽ പറഞ്ഞതിൻറെ അടിസ്ഥാനത്തിലല്ല വിധി. വിധി പറഞ്ഞതിനു ശേഷം, കോടതിയുടെ ഫൈൻഡിംഗ്സിനു ശേഷം കോടതി അഡ്വക്കേറ്റ് ജനറലിനോട് അഭിപ്രായം ചോദിച്ചു. അപ്പോൾ അഡ്വക്കേറ്റ് ജനറലിൻറെ അഭിപ്രായത്തിൻറെ അടിസ്ഥാനത്തിൽ വന്ന വിധിയല്ല. ഏതായാലും ഞാൻ അതിലേക്കു കടക്കുന്നില്ല. 'ഇവിടെ ക്ലിയർ ഡിസ്ക്രിമിനേഷൻ ഉണ്ടെന്നാണ്' കോടതി പറഞ്ഞത്. ക്ലിയർ ഡിസ്ക്രിമിനേഷൻ ഉണ്ടെന്നു പറഞ്ഞാൽ ഈ നിയമം ഇൻവാലിഡ് ആയിപ്പോകും. ഈ നിയമം ഇൻവാലിഡ് ആയിപ്പോയാൽ അതിൻറെ ഗുണം ഗ്വാളിയോർ റയോൺസിനുണ്ട്. സെക്ഷൻ (6) നിലനിറുത്തിയാൽ എന്താണ് സർ നഷ്ടമുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് കുറ്റ്യാനി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഞാൻ ഹൈക്കോടതി വിധി ഉദ്ധരിച്ചുകൊണ്ട് അതിനകത്ത് അഡ്വക്കേറ്റ് ജനറൽ I cannot uphold the validity of the notification issued under section 6 of the Act എന്നുതന്നെ പറഞ്ഞു. We record the same എന്നു പറഞ്ഞ് ഹൈക്കോടതി റിക്കാർഡു ചെയ്തതിനുശേഷം ഈ സെക്ഷൻ (6) അഡ്വക്കേറ്റ് ജനറൽ അപ്പ്രോപ്രിയേറ്റ് ചെയ്യാൻ തയ്യാറില്ലെന്നു പറഞ്ഞതിന്റെ പേരിലാണ് ഇങ്ങനെ വിധിക്കുന്നതെന്ന് ഹൈക്കോടതി ജഡ്ജ്മെന്റിൽ പറഞ്ഞിരിക്കെ അതിനു വിരുദ്ധമായി ഈ മന്ത്രി ഇങ്ങനെ ഒരു പ്രസ്താവന നടത്തുന്നത് ഓർഡറിലാണോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ അതിനു വിരുദ്ധമായിട്ട് ഒരു പ്രസ്താവനയും നടത്തിയില്ല. എന്നു മാത്രമല്ല എന്റെ വാദം സെക്ഷൻ (6) നിലനിറുത്തണമെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ഈ ആക്ട് ഇൻവാലിഡ് ആകും. ആക്ട് ഇൻവാലിഡ് ആകുമെന്നു പറഞ്ഞാൽ ഗ്വാളിയോർ റയോൺസിനും പുനലൂർ പേപ്പർമില്ലിനും പഴയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ രണ്ടര രൂപക്ക് യൂക്കാലിപ്റ്റസും. ഒരു രൂപ 67 പൈസക്ക് മുളയും കൊടുക്കേണ്ടിവരും. അതിന് സർക്കാർ തയ്യാറില്ലെന്നുള്ളതാണ് വസ്തുത.

ശ്രീ. കെ. കരുണാകരൻ: സെക്ഷൻ (6) അപ്പ്രോപ്രിയേറ്റ് ചെയ്യുന്നില്ലെന്നു അഡ്വക്കേറ്റ് ജനറൽ പറഞ്ഞാൽമാത്രം ആ നിയമത്തിൽ ആ വകുപ്പു പോകുന്നില്ല. എങ്കിൽ കോടതിക്ക് ആ കാരണത്താൽ തന്നെ നിയമ വിരുദ്ധമാക്കാം. അല്ലെങ്കിൽ കോടതിക്ക് 6-ാം വകുപ്പുമാത്രം നിയമവിരുദ്ധമാക്കാം. അഡ്വക്കേറ്റ് ജനറൽ അപ്പ്രോപ്രിയേറ്റ് ചെയ്യാത്തതു കൊണ്ടുമാത്രം 6-ാം വകുപ്പു പോയി നിയമം രക്ഷപ്പെട്ടു എന്നുവരുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ വാദഗതി 6-ാം വകുപ്പു അപ്പ്രോപ്രിയേറ്റ് ചെയ്യുന്നില്ലെന്നു പറഞ്ഞതുകൊണ്ടാണ് നിയമത്തെ കോടതി അംഗീകരിച്ചത് എന്നാണ്. അഡ്വക്കേറ്റ് ജനറൽ ഒരു സബ്മിഷൻ കൊടുത്തതുകൊണ്ട് അങ്ങനെ സംഭവിക്കണമെന്നില്ല. അഡ്വക്കേറ്റ് ജനറൽ പറഞ്ഞതുകൊണ്ടുമാത്രം ഒരു ഭാഗം അപ്പ്രോപ്രിയേറ്റ് ചെയ്യുകയും മറേറ ഭാഗം ഇൻവാലിഡ് ആക്കുകയും അല്ല ഉണ്ടായത്. അതാണ് സത്യം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഗവൺമെന്റിനു കിട്ടിയ നിയമോപദേശം 6-ാം വകുപ്പു നിലനിറുത്താൻ പോയാൽ ഈ ആക്ട് പോകും. ഒററക്കാര്യമേ ചോദിക്കുന്നുള്ളു. 6-ാം വകുപ്പു നിലനിറുത്തുന്നു എന്നിരിക്കട്ടെ. 6-ാം വകുപ്പു നിലനിന്നാൽ കേരളാ ഗവൺമെന്റിന് എന്താണ് ഗുണം. കേരള ഗവൺമെന്റിന്, ഗ്വാളിയർ റയോൺസിൽ നിന്ന് കൂടുതൽ വില വാങ്ങിക്കാൻ അതുകൊണ്ടു കഴിയുമോ? ഇല്ല. 6-ാം വകുപ്പു പോയതുകൊണ്ട് ഗ്വാളിയോർ റയോൺസിന് വില കുറച്ചു കൊടുക്കേണ്ടി വന്നിട്ടുണ്ടോ? ഇല്ല. 6-ാം വകുപ്പു പോയതുകൊണ്ട് ഒരു കാര്യമേ ഉണ്ടായിട്ടുള്ളു. അതു മനസ്സിലാകുന്നുണ്ട്. ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന് 12 രൂപയ്ക്ക് യൂക്കാലിപ്റ്റസ് നൽകണമെന്നുള്ളതിനു പകരം എച്ച്. പി. സി. 220 രൂപ കേരളാ സർക്കാരിനു തരണം. അതുകൊണ്ട് എന്താണ് അപകടമെന്ന് എനിക്കു മനസ്സിലാകുന്നില്ല. സർ, ഇത് കേന്ദ്ര ഗവൺമെന്റ് അണ്ടർടേക്കിംഗ്സിനെ സംബന്ധിച്ചിടത്തോളമുള്ള കാര്യമാണ്. സെക്ഷൻ (6) പോയതുകൊണ്ട് ടണ്ണിന് 100-ം 120-ം രൂപ ചെലവാക്കി കേരളത്തിൽ നാം വച്ചുപിടിപ്പിച്ച യൂക്കാലിപ്റ്റസ് ന്യൂസ്പ്രിന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറിക്ക് 12 രൂപക്ക് കൊടുക്കണമായിരുന്നത് ഇപ്പോൾ 200 രൂപക്ക് കൊടുത്താൽ മതിയെന്നായി. 220 രൂപ വാങ്ങിക്കൊണ്ട് കൊടുക്കാനുള്ള അവകാശം കേരള ഗവൺമെൻറിന് ഉണ്ടായി.

ശ്രീ. കെ. കരുണാകരൻ: ഈ ഫാക്ടറി കേരളത്തിൽ തുടങ്ങാൻ വേണ്ടി സംഭാഷണം നടന്ന അവസരത്തിൽ കൺസഷൻ റേറിൽ തടി കൊടുക്കാമെന്ന് ഉള്ള എഗ്രിമെൻറ് അന്നത്തെ ഗവൺമെൻറ് നൽകി. അങ്ങനെ ഒരു പൊതുമേഖലാ സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ പാലിക്കാതെ കേരള സർക്കാരിന് അൽപ്പം ആനുകൂല്യം കിട്ടുമെന്നു പറയുന്നത് ഒരു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം, പഴയ ഗവൺമെൻറിൻെറ ഒരു തുടർച്ചയായ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം യോജിച്ചതല്ല, അന്തസുള്ള ഒരു നടപടിയല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിനോട് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. കേന്ദ്ര ഗവൺമെൻറുമായുണ്ടാക്കിയ കരാർ വള്ളിപുള്ളി തെറ്റാതെ പാലിക്കണമെന്നുള്ള കാര്യത്തിൽ സംശയമില്ല. എന്നുമാത്രമല്ല, നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങൾ വരണം. അതുകൊണ്ട് വ്യവസായികളുമായി ഉണ്ടാക്കിയ കരാറും പാലിക്കണമെന്നുതന്നെയാണ് ഈ സർക്കാരിൻെറ അഭിപ്രായം. അതുപോലെ തന്നെ കേന്ദ്ര ഗവൺമെൻറ് അണ്ടർടേക്കിംഗ്സുമായി ഉണ്ടാക്കിയ കരാറുകളും പാലിക്കണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ ഒരു കാര്യം മാത്രമേ ഉള്ളു. കേന്ദ്ര ഗവൺമെൻറ് അണ്ടർടേക്കിംഗ് സിന് കുറച്ച് കൺസെഷൻ കൊടുക്കാൻ വേണ്ടി ഈ നിയമം അസാധുവാക്കി അതിൻെറ പേരിൽ ഗവാളിയോർ റയോൺസിനെയും ഡാൽമിയായെയും സഹായിക്കണമെന്നാണെങ്കിൽ ഈ സർക്കാർ ഒരുക്കമല്ല എന്നുമാത്രമേയുള്ളു. അവിടെ മാത്രമാണ് അഭിപ്രായവ്യത്യാസമുള്ളത്. മറ്റു കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസമില്ല. അതുകൊണ്ട് ഞാൻ പറഞ്ഞുവരുന്നത് സെക്ഷൻ (6) പോയതുകൊണ്ട് കേന്ദ്ര ഗവൺമെൻറിന്, ന്യൂസ്പ്രിൻറ് ഫാക്ടറിക്ക് കുഴപ്പമുണ്ട്. ഞാൻ സമ്മതിക്കുന്നു സർ. അത് എങ്ങനെ പരിഹരിക്കണമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. അവരുമായി എഗ്രിമെൻറ് ഉണ്ടാക്കിയതാണ്. അത് എങ്ങനെ പരിഹരിക്കണം എന്ന കാര്യം ആലോചിക്കണം. ഒരു ഗവൺമെൻറ് അണ്ടർടേക്കിംഗായ പുനലൂർ പ്ലൈവുഡ് ഫാക്ടറിക്കും ഇതുമൂലം തകരാറു സംഭവിച്ചിട്ടുണ്ട്: അവരിൽ നിന്നും കൂടുതൽ വില ഈടാക്കുന്നുണ്ട്. ആ കാര്യവും ആലോചിക്കാവുന്നതാണ്. കേന്ദ്ര ഗവൺമെൻറിൻെറ ഒരു സ്ഥാപനത്തിനുവേണ്ടി സ്വകാര്യ വ്യക്തികൾക്കുകൂടി വില കുറച്ചുകൊടുക്കുന്ന നിലപാടിലേക്കു പോകുന്നതു ശരിയല്ല. ആ ഫാക്ടറികളൊക്കെ വരണം. അവരോടു നാം പറഞ്ഞ കരാറുകളും മുഴുവൻ പാലിക്കപ്പെടണം; അതിലൊന്നും സംശയമില്ല. അവരുമായി സഹകരിച്ച് ആ കരാർ നടപ്പിലാക്കുന്നതിനുവേണ്ടി പരിശ്രമിക്കുമെന്നുമാത്രമേ അതെപ്പറ്റി ഇപ്പോൾ പറയുന്നുള്ളു.

സർ, സോഫ്റ്റ്വുഡ് കൊടുത്ത കാര്യത്തെക്കുറിച്ചിവിടെ ചൂണ്ടിക്കാണിച്ചു. അക്കാര്യം ഞാൻ ചോദ്യോത്തരവേളയിൽ വ്യക്തമാക്കിയതാണ്. ഒന്നരക്കോടി രൂപയോളം സർക്കാരിനു നഷ്ടം വരുമെന്ന് ബഹുമാനപ്പെട്ട സീതിഹാജി പറഞ്ഞതു ശരിയല്ല. എൺപതിനായിരത്തിൽപ്പരം മീറ്റർ തടിയാണ് കൊടുക്കുന്നത്. അതിൽ എല്ലാ ഇനം തടികൾക്കും കൺസഷൻ ഇല്ല. പ്രൈസ് ഫിക്സേഷൻ ആക്ടിലുൾപ്പെട്ട ഇനം തടികൾക്കു മാത്രമേ കൺസഷൻ ഉള്ളു. അത്തരം തടികൾക്കു വില കൂറച്ചു എന്നതു ശരിയാണ്,

LIBRARY ARCHIVES Kerala Legislative Assembly

ആ ഇനത്തിൽ 64 ലക്ഷത്തോളം രൂപയുടെ കുറവ് സർക്കാരിനു വന്നിട്ടുണ്ട്. 1977-78 കാലത്ത് സോഫ്ട്വുഡ് ഇനത്തിൽപ്പെട്ട തടികൊണ്ട് 100 മുതൽ 120 രൂപവരെയായിരുന്നു വില. 1978-ൽ ഈ നിയമം കൊണ്ടുവന്നപ്പോഴും ഈ പറയുന്ന തടികൊണ്ടുകൂടി അതിലുൾപ്പെടുത്തി. അതുകൊണ്ട് അവയ്ക്കുകൂടി വില നിജപ്പെടുത്തുകയാണു ചെയ്തത്. അപ്പോൾ ആവറേജ് വില 448 രൂപയായി. ആറിനം തടികൊണ്ടാണ് ഈ വില വന്നത്. അന്നുമുതൽക്ക് ഇവിടത്തെ മാച്ച് ഫാക്ടറികളും, സോഫ്റ്റ്വുഡ് ഫാക്ടറികളും, പ്ലൈവുഡ് ഫാക്ടറികളും തുടങ്ങിയ നാനൂറിൽപ്പരം ഫാക്ടറികൾക്ക് കഷ്ടം അനുവദിച്ചിട്ടുണ്ട്. അറുപത്തിനാലു ലക്ഷം രൂപ സർക്കാർ നഷ്ടം സഹിച്ചത് ഈ നാനൂറിൽപ്പരം ഫാക്ടറികൾക്കു വേണ്ടിയാണ്. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് 448 രൂപയാക്കിയ അന്നുമുതൽ തന്നെ നിവേദനങ്ങളും തുടങ്ങി. മാത്രവുമല്ല നമ്മുടെ ഫാക്ടറികൾ നഷ്ടപ്പെട്ടു പോകുന്ന ഒരു സാഹചര്യവും കേരളത്തിലുണ്ടായി. ഗവൺമെൻറ് ചെലവിൽ നട്ടുവളർത്തിക്കൊണ്ടുവന്ന യൂക്കാലിപ്റ്റസ് ഇവിടത്തെ വൻകിടക്കാരായ ഗവാളിയോർ റയോൺസിനും പുനലൂർ പേപ്പർമില്ലിനും വളരെ കുറഞ്ഞ വിലയിൽ സപ്ലൈ ചെയ്യുകയും ഗവൺമെൻറിന്റെ ഫോറസ്റ്റിൽ യാതൊരു ചെലവുമില്ലാതെ വളർന്നുവന്നിട്ടുള്ള തടികൊണ്ട് മുറിക്കുന്ന ഈ നാട്ടിലെ ചെറുകിടക്കാരായ മാച്ച് ഫാക്ടറികൾക്കും മറ്റും 448 രൂപയ്ക്കു സപ്ലൈ ചെയ്യുകയും ചെയ്യുന്ന സ്ഥിതി വന്നപ്പോഴാണ് ഈ സർക്കാർ ഒരു തീരുമാനമെടുത്തു. അതായത് കശുവണ്ടി വ്യവസായം പോലെ ഈ മാച്ച് ഫാക്ടറികളും പ്ലൈവുഡ് ഫാക്ടറികളും മൈഗ്രേറ്റു ചെയ്യാൻ പാടില്ല. അൻപതിനായിരത്തോളം തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന സ്ഥാപനമായതുകൊണ്ട് അവർക്ക് കുറെക്കൂടി വില കുറച്ചുകൊടുക്കാൻ തീരുമാനിച്ചു. അതിന്റെ ഫലമായിട്ടാണ് നേരത്തെ പറഞ്ഞ 64 ലക്ഷം രൂപയുടെ കുറവു വന്നത്. ഇവർക്ക് വില കുറച്ചുകൊടുക്കുകയും വൻകിടക്കാരായ ഗവാളിയോർ റയോൺസിനും പുനലൂർ പേപ്പർ മില്ലിനും വില കൂട്ടികൊടുക്കുകയുമാണ് ചെയ്തത്. അവർക്ക് വില കൂട്ടിക്കൊടുക്കാൻ ഈ സർക്കാർ മടിച്ചിട്ടില്ല. അതു കൂടി മനസ്സിലാക്കണം. 95 രൂപ വിലയുണ്ടായിരുന്ന യൂക്കാലിപ്റ്റസിന് 220 രൂപയും 36 രൂപ വിലയുണ്ടായിരുന്ന ബാംബുവിനും റീഡ്സിനും 105 രൂപയുമാക്കി വർദ്ധിപ്പിച്ചു. ഇതിനു മൊത്തത്തിൽ ഒരൊറ്റ നോട്ടിഫിക്കേഷനാണ് ഇഷ്യു ചെയ്തത്. ആ നോട്ടിഫിക്കേഷന്റെ ഫലമായി സർക്കാരിന് മൂന്നുകോടിയിൽപ്പരം രൂപ കൂടുതൽ കിട്ടി. അത് ഗവാളിയോർ റയോൺസിൽ നിന്നും പുനലൂർ പേപ്പർ മിൽസിൽ നിന്നും തന്നെയാണ്. അതുകൊണ്ട് സർക്കാരിനു നഷ്ടം വന്നിട്ടില്ല. ഇവിടത്തെ ചെറുകിട ഫാക്ടറികൾക്ക് പല വിധത്തിലുമുള്ള സഹായങ്ങളും ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റി, സെയിൽസ്ടാക്സിളവ് മുതലായ പല സഹായങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. സോഫ്റ്റ്വുഡിന്റെ കാര്യം തന്നെ എടുക്കാം. ഇന്നത്തെ റവന്യൂമിനിസ്റ്റർ ഫോറസ്റ്റ് മിനിസ്റ്ററായിരുന്ന കാലത്ത് റാമെറ്റീരിയൽസിന് എന്തായിരുന്നു വില? ഈ പ്ലൈവുഡ് ഫാക്ടറികൾക്കും മാച്ച് ഫാക്ടറികൾക്കുമൊക്കെ 120 രൂപയ്ക്കാണ് കൊടുത്തുകൊണ്ടിരുന്നത്. 1979 വരെ അതേ റേറ്റിലാണ് കൊടുത്തുകൊണ്ടിരുന്നത്. അതിന്റെ ഇരട്ടിയിലധികം വില ഇന്നു വാങ്ങുന്നു എന്നതാണ് വസ്തുത. ഇതിലെന്താണു പറയാനുള്ളത്? എനിക്കു മനസ്സിലാകുന്നില്ല. മനസ്സിലാകാത്ത മറ്റൊരു കാര്യം കൂടിയുണ്ട്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ഉടനേ ആ ഭാഗത്തുള്ള ചില എം.എൽ.എ മാർ ഇത്തരം ഫാക്ടറികൾക്ക് റാമെറ്റീരിയൽസ് ചുരുങ്ങിയ വിലയ്ക്ക് കൊടുക്കണമെന്ന് സർക്കാരിനോടാവശ്യപ്പെട്ടത് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഓർക്കുകയാണ്. അവർ ഇപ്പോഴും അപ്പുറത്തുണ്ട്. അതേ അവസരത്തിൽ സർക്കാർ നടപടിയെടുത്തപ്പോൾ മാറിനിന്നുകൊണ്ട് പറയുകയാണ് ചെയ്തതു തെറ്റായിപ്പോയി എന്ന്. അതാണു മനസ്സിലാകാത്തത്, ഒരുകാര്യം പറയട്ടെ: കേരളത്തിലെ വ്യവസായങ്ങളം നിലനിറുത്താൻ ഈ ഗവൺമെൻറ് ചില സഹായങ്ങളൊക്കെ ചെയ്തിട്ടുണ്ട്. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. ജോസ് കുറ്റിയാനി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ: ഇപ്പുറത്തിരിക്കുന്ന മുഴുവൻ എം. എൽ. എ. മാരെയും പ്രതിയാക്കിക്കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ആരാണെന്ന് ചോദിച്ചപ്പോൾ പറയാതിരിക്കുകയും ചോദ്യം ചോദിച്ചാൽ വഴങ്ങാതിരിക്കുകയും ചെയ്യുന്നത് ഓർഡറിലാണോ? ഇപ്പുറത്തിരിക്കുന്ന മുഴുവൻ എം. എൽ. എ. മാരേയും ഒന്നിച്ചാക്ഷേപിക്കുന്ന ഈ മറുപടി പ്രസംഗം ശരിയല്ല സർ.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ മറുഭാഗത്തിരിക്കുന്ന എല്ലാ എം. എൽ. എ. മാരും എന്നു പറഞ്ഞില്ല. ചില എം. എൽ. എ. മാർ എന്നാണ് പറഞ്ഞത്. എന്തായാലും ഞാനിപ്പോൾ അവരുടെ പേര് പറയാൻ ഉദ്ദേശിക്കുന്നില്ല. അവിടെതന്നെ ഇപ്പോഴും ഇരിക്കുന്ന ചില ആളുകളാണ്. ബഹുമാനപ്പെട്ട കുറിയാനിയുടെ അടുത്തുതന്നെ ഇരിപ്പുണ്ട്. ബഹുമാനപ്പെട്ട കുറിയാനിയല്ല. സർ, വില കുറയ്ക്കണമെന്ന് പറഞ്ഞുകൊണ്ട് ട്രേഡ് യൂണിയൻകാർ ഈ സർക്കാരിന് നിവേദനം കൊണ്ടുതന്നിട്ടുണ്ട്. ഞാൻ മന്ത്രിയാകുന്നതിന് മുമ്പ് തന്നെ നിവേദനം നടത്തിയിട്ടുണ്ട്. എൻറടുത്തും നിവേദനം നടത്തിയിട്ടുണ്ട്. ഇതാണ് സ്ഥിതി. എന്തായാലും ഈ നോട്ടിഫിക്കേഷൻകൊണ്ട് സർക്കാരിന് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല; ലാഭമേ ഉണ്ടായിട്ടുള്ളു. പത്ത് നാനൂറ് ഫാക്ടറികൾക്ക് 64 ലക്ഷം രൂപ ഇളവ് ചെയ്തുകൊടുത്തിട്ടും അവയോട് വാങ്ങുന്ന ആവറേജ് വില 288 രൂപയാണ്. അതെ അവസരത്തിൽ ഗവാളിയോർ റയോൺസിനോടും പുനലൂർ പേപ്പർ മിൽസിനോടും വാങ്ങുന്നത് 220 രൂപയാണ്. അതും നാം നട്ടുവളർത്തുന്ന യൂക്കാലിപ്റ്റസിന്: ഇതു രണ്ടും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കണം കശുവണ്ടി വ്യവസായം മൈഗ്രേറ്റ് ചെയ്തു പോയതുപോലെ ഈ വ്യവസായങ്ങളും മൈഗ്രേറ്റ് ചെയ്തുപോകണമെന്നാണോ ഉദ്ദേശിക്കുന്നത്? ഇത് ആറാറുമാസം കൂടുമ്പോൾ പരിശോധിക്കാനുള്ള അവകാശമുണ്ട്, പരിശോധിക്കും.

ശ്രീമതി. കെ. ആർ. സരസ്വതിയമ്മ: റിസോഴ്സസ് മൊബലൈസേഷൻ കമ്മിറ്റിയുടെ റെക്കമെൻറേഷൻ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വ്യവസായികൾക്ക് വില കുറച്ചു കൊടുക്കേണ്ട എന്നുള്ള റെക്കമെൻറേഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: റിസോഴ്സസ് മൊബലൈസേഷൻ കമ്മിറ്റിയുടെ പല റിപ്പോർട്ടുകളുമുണ്ട്. അതിനുശേഷമാണ് ഗവൺമെൻറ് പല സഹായങ്ങളും വ്യവസായത്തിനുവേണ്ടി ചെയ്തുകൊടുത്തത്. 5 ശതമാനം സെയിൽസ്ടാക്സ് ഉൾപ്പെടെയുള്ള സഹായങ്ങൾ ഗവൺമെൻറ് ചെയ്തുകൊടുത്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് വരുന്ന അവസരത്തിൽ 120 രൂപ വിലയായിരുന്ന സ്ഥാനത്ത് ഇന്ന് 288 രൂപയാണ് വില. അത് മനസ്സിലാക്കാൻ കഴിയണം. ഇത്ര മാത്രമേ അതേപ്പറ്റി പറയാനുള്ളു. സർ, ആദ്യം മുതൽ ഞാൻ പറയാൻ ആഗ്രഹിച്ച കാര്യം ഇതാണ്,

LIBRARY ARCHIVES Kerala Legislative Assembly

എന്തെന്നാൽ സെക്ഷൻ 6 സ്ട്രക്ക്ഡൗൺ ചെയ്തതുകൊണ്ട് ഗ്വാളിയർ റയോൺസിനോ പുനലൂർ പേപ്പർ മിൽസിനോ ഗുണമുണ്ടായിട്ടില്ല. അവർക്ക് വില കുറഞ്ഞിട്ടില്ല. അലോട്ട്മെന്റ് കൂടുതൽ കൊടുത്തിട്ടില്ല. ന്യൂസ് പ്രിന്റ് ഫാക്ടറി 220 രൂപ തരേണ്ടിവരും.. അങ്ങനെ സർക്കാരിന് കൂടുതൽ വരുമാനമുണ്ടാകുമെന്നുള്ളതല്ലാതെ സർക്കാരിന് അത് കൊണ്ട് യാതൊരു ദോഷവുമുണ്ടായിട്ടില്ല.

മറ്റൊരു കാര്യം ബഹുമാനപ്പെട്ട തമ്പി ഇവിടെ ചൂണ്ടിക്കാണിച്ചതിനെപ്പറ്റിയാണ് പറയാനുള്ളത്. ഒരു ഉറുപ്പികയുടെ കാര്യം അദ്ദേഹം പറഞ്ഞു. ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ആറു ഉറുപ്പിക വാങ്ങുന്നുണ്ടെന്ന് പറഞ്ഞു. അത് ശരിയല്ല സർ. സീനിയറേജ് കൂടിയതുകൊണ്ട് ആറ് ഉറുപ്പികയുടെ ഓർഡർ വന്നു. ഓർഡർ തിരുത്തി ഇന്ന് ഹരിജനങ്ങൾ തലച്ചുമടായി കൊണ്ടുവരികയാണെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം.ഒരു ഉറുപ്പിക കൊടുത്താൽ മതി എന്നുള്ള ഒരു ഓർഡർ ഗവൺമെന്റിൽനിന്നും ഇറക്കിയിട്ടുമുണ്ട്.

പിന്നീട് ഇവിടെ ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർ പറഞ്ഞു വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ വെട്ടിതെളിയിക്കപ്പെടുന്നുവെന്ന്. ഡിമാന്റിന്റെ ചർച്ച നടന്ന സമയത്ത് ഞാൻ അതേക്കുറിച്ച് പറഞ്ഞതാണ്. വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളും എവർഗ്രീൻ ഫോറസ്റ്റും സെമി എവർഗ്രീൻ ഫോറസ്റ്റും വെട്ടിമാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ കൊല്ലത്തിൽ നാലായിരത്തി അഞ്ഞൂറോളം ഹെക്ടർ സ്ഥലത്ത് ക്ലിയർഫെല്ലിംഗ് നടത്തിയിരുന്നുവെങ്കിൽ ഇക്കൊല്ലം 1500 ഹെക്ടർ സ്ഥലത്ത് മാത്രമേ ക്ലിയർഫെല്ലിംഗ് നടത്തിയിട്ടുള്ളൂ.

ശ്രീ. പി. കെ. ശ്രീനിവാസൻ: എവർഗ്രീൻ ഫോറസ്റ്റും സെമി എവർഗ്രീൻ ഫോറസ്റ്റും വെട്ടിത്തെളിക്കുന്നില്ലെന്ന് മന്ത്രി പറഞ്ഞു. സർ, ഞാൻ പലപ്പോഴും ആവശ്യപ്പെട്ടിട്ടുള്ളതാണ്, ഒന്നാന്തരം എവർഗ്രീൻ ഫോറസ്റ്റായിരുന്ന ചെന്തുരുത്തി എസ്റ്റേറ്റ് വെട്ടിതെളിയിക്കരുതെന്ന്. അങ്ങനെ ഒരു തീരുമാനം എടുത്തുപോയി എന്നുള്ള സാങ്കേതിക ന്യായം പറഞ്ഞ് ആ എവർഗ്രീൻ ഫോറസ്റ്റ് മുഴുവൻ വെട്ടി നശിപ്പിക്കുന്നു എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ വരുന്നതിന് എത്രയോ മുമ്പേ കെ. എൽ. ഡി. സി. നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാര്യമാണ്. പുതിയതായി സാംഗ്ഷൻ കൊടുക്കുന്നില്ലെന്നാണ് ഞാൻ പറഞ്ഞത്. എവർഗ്രീൻ ഫോറസ്റ്റുകളെ സംബന്ധിച്ചിടത്തോളം വെട്ടി നശിപ്പിക്കരുത് എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. പ്ലൈവുഡിനെ സംബന്ധിച്ചിടത്തോളം ഒന്നേ പറയാനുള്ളൂ. വളരെ ഗൗരവമായി ക്യാബിനറ്റിൽ ആലോചിച്ചതിനു ശേഷമാണ് പ്ലൈവുഡിന്റെ വില അംഗീകരിച്ചത്. ആ വ്യവസായം നിലനിർത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് അത് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി പറഞ്ഞു, ഏതോ ചില കോൺട്രസ്സുകാർക്ക് പറമ്പിക്കുളത്ത് കരാറുണ്ടെന്ന്. പറമ്പിക്കുളത്ത് ചില കോൺട്രാക്ടർമാർ ഉണ്ടായിരുന്നു. ആ കോൺട്രാക്ടർമാർ നമ്മുടെ കോൺട്രാക്ടർമാരല്ല. ഗ്വാളിയർ റയോൺസിനുവേണ്ടി വളരെ വർഷങ്ങളായി ഇയർ മാർക്ക് ചെയ്ത ഏരിയയാണ്. 1958 മുതൽ ആ ഏരിയായിലുള്ള ബാംബു മറ്റാർക്കും കൊടുക്കാൻ കഴിയുകയില്ല. അന്നുമുതൽ ആ ഭാഗത്തെ ബാംബു അവർ തന്നെയാണ് കട്ട് ചെയ്യുന്നത്. അവരുടെ കോൺട്രാക്ടറെ വച്ചുകൊണ്ടാണ് അവർ കട്ട് ചെയ്തുകൊണ്ട് പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഒരു കോൺട്രാക്ടർ ഉണ്ടായിരുന്നു. ആ കോൺട്രാക്ടറും അവിടത്തെ റേഞ്ച് ഓഫീസറുമായി സംഘട്ടനം ഉണ്ടായി. റേഞ്ച് ഓഫീസർ ആശുപത്രിയിൽ കിടന്നു. അങ്ങനെ ആ കോൺട്രാക്ടർ അവിടെ ചില കുഴപ്പങ്ങൾ ഉണ്ടാക്കിയതിന്റെ ഫലമായി കമ്പനിയും ഡിപ്പാർട്ടുമെന്റും തമ്മിൽ ചില വഴക്കുകൾ ഉണ്ടായി. അതിന്റെ ഫലമായി കോൺട്രാക്ടറെ മാറ്റിയെന്നാണ് തോന്നുന്നത്. ഞാൻ പിന്നീട് അന്വേഷിച്ചു. കോൺട്രാക്ടറെ ആ സ്ഥലത്തുനിന്നും മാറ്റി. ഗ്വാളിയർ റയോൺസിൽ വേറെ കോൺട്രാക്ടറെ വച്ചിട്ടുണ്ട്. ആ കോൺട്രാക്ടർക്ക് ജോലിപോയ പ്രയാസം സ്വാഭാവികമായും കാണും. കമ്പനിയുടെ കോൺട്രാക്ടറെ നിയമിക്കുന്നത് സർക്കാരല്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ബഹുമാനപ്പെട്ട മന്ത്രി വളരെ വ്യക്തമായി അന്വേഷിച്ചെന്ന് പറഞ്ഞു. അപ്പോൾ ആ കോൺട്രാക്ടറുടെ പേര് പറയാം. നേരത്തെ ഉണ്ടായിരുന്ന ശർമ്മ എന്നു പറയുന്ന ഉദ്യോഗസ്ഥനെ എന്തിനാണ് ട്രാൻസ്ഫർ ചെയ്തതെന്ന് പറയാമോ? അന്വേഷിച്ചതുകൊണ്ട് വിശദമായ അറിവ് ഉണ്ടായിരിക്കുമല്ലോ.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ആ കോൺട്രാക്ടർ ആരാണെന്ന് അന്വേഷിക്കേണ്ട ആവശ്യമില്ല.

ശ്രീ. വി. സി. കബീർ: ആ ശർമ്മ അവിടത്തെ ഹരിജനങ്ങളുടെ വീട് കത്തിച്ചുകളഞ്ഞ് അവരെ കുടിയിറക്കിയ കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിയുടെ ആക്ഷേപം തമിഴ്നാട്ടിലേയ്ക്ക് മുള പോകുന്നുണ്ടെന്നായിരുന്നു. അത് അന്വേഷിക്കാൻ ആവശ്യപ്പെട്ടു. അന്വേഷിച്ചു. അപ്പോഴാണ് ഈ കോൺട്രാക്ടർക്ക് വിരോധമുണ്ടെന്ന് മനസ്സിലായത്. ഈ കോൺട്രാക്ടറും, റെയിഞ്ച് ഓഫീസറും തമ്മിലുള്ള വഴക്ക് എന്റെ അടുത്തുവരെ ഒരു ഘട്ടത്തിലെത്തിയതാണ്. ബഹുമാനപ്പെട്ട ചെയറിനു തന്നെ അതറിയാം. കോൺട്രാക്ടറെ എനിക്ക് കാണേണ്ട കാര്യമില്ലെന്ന് ഞാൻ പറഞ്ഞു. ഗ്വാളിയർ റയോൺസുമായി സംസാരിക്കാം, കോൺട്രാക്ടറും ഗവൺമെന്റുമായി ബന്ധമില്ലെന്ന് പറഞ്ഞ് ഇറക്കിവിടുകയാണുണ്ടായത്. റെയിഞ്ച് ഓഫീസറെ മാറ്റിയത് ഞാൻ അറിഞ്ഞുകൊണ്ടുതന്നെയാണ്. ഗവൺമെന്റ് അറിയാത്ത കാര്യമൊന്നുമല്ല. ആ കാര്യത്തിൽ സംശയം വേണ്ട. അവിടത്തെ ട്രൈബ്സുമായും റെയിഞ്ച് ഓഫീസറും തമ്മിൽ ചില വഴക്കുകൾ ഉണ്ടായിരുന്നുവെന്ന് നിയമസഭയിൽത്തന്നെ ചില അംഗങ്ങൾ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതുകൊണ്ട് റെയിഞ്ച് ഓഫീസറെ അവിടെനിന്നും മാറ്റണമെന്നും പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിക്കും അതറിയാമായിരുന്നു. അതുകൊണ്ട് അതും ഇതുമായി യാതൊരു ബന്ധവുമില്ലന്നേ എനിക്ക് പറയാനുള്ളൂ.

ബഹുമാനപ്പെട്ട മെമ്പറൻമാർ ചൂണ്ടിക്കാണിച്ചതുപോലെ ഈ ബില്ലിൽ മൈനർ പ്രൊഡ്യൂസിന് നികുതി വല്ലതും ഉണ്ടെങ്കിൽ കുറുന്തോട്ടി, തേൻ തുടങ്ങിയ സാധനങ്ങൾ ഉണ്ടെങ്കിൽ ആ കാര്യം സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാവുന്നതാണെന്ന് പറഞ്ഞുകൊണ്ട് ഈ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി: നേരത്തെതന്നെ ഉണ്ടായിരുന്ന കോൺട്രാക്ടർ ഇപ്പോഴും അവിടെ കോൺട്രാക്റ്റ് എടുക്കുന്നുണ്ടോ എന്നുള്ള കാര്യം ഒന്ന് വിശദീകരിക്കണം. വേറൊരു കാര്യം ഉള്ളത് ഇവിടെ ഒരു അഴിമതിയാരോപണം നടത്തി, അതിന് മറുപടി കിട്ടണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ആര് അഴിമതിയാരോപണം ഉന്നയിച്ചാലും അതിന് മറുപടി പറയാൻ തയ്യാറാണ്. ആരും ഉന്നയിച്ചിട്ടില്ല.

ശ്രീ. ജോസ് കുറ്റിയാനി: സെക്ഷൻ 6 അനുസരിച്ചുള്ള എക്സംപ്ഷൻ ക്ലാസ് വച്ചിട്ട് ഗവൺമെന്റ് നോട്ടിഫിക്കേഷൻ ഉണ്ടായാൽ ആ നോട്ടിഫിക്കേഷനിൽ ഡിസ്ക്രിമിനേഷൻ ഉണ്ടെന്ന് പറഞ്ഞുകൊണ്ട് ഗ്വാളിയർ റയോൺസും, പുനലൂർ പേപ്പർ മിൽസും ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ കൊടുത്തു. അന്ന് സർക്കാരിനുവേണ്ടി ഹാജരായ അഡ്വക്കേറ്റ് ജനറൽ അവർ ചൂണ്ടിക്കാണിച്ച നോട്ടിഫിക്കേഷന്റെ സാധുതയെ അംഗീകരിക്കുന്നില്ലെന്ന് പറഞ്ഞ് ഫലത്തിൽ അവർക്ക് കേസ് അനുകൂലമായി. സുപ്രീം കോടതിയിൽ കൊടുക്കുന്നതിന് ഡിസ്ക്രിമിനേഷൻ ഉണ്ടെന്ന് പറയുന്നതിന് മുമ്പ് പറഞ്ഞത് അത്തരത്തിലുള്ള ഒരു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ? അതൊന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. ആര്യാടൻ മുഹമ്മദ്: വളരെ ക്ലിയറായി ഞാൻ പറഞ്ഞു അഡ്വക്കേറ്റ് ജനറലുമായി ഞാൻ സംസാരിച്ചു. സെക്ഷൻ 6-ന്റെ പേരിൽ ഈ ആക്റ്റ് പോവുകയാണെങ്കിൽ പുനലൂർ പേപ്പർ മിൽസിനും ഗ്വാളിയർ റയോൺസിനും വലിയ ലാഭമുണ്ടാകും. മുളക്ക് 220 രൂപയ്ക്ക് പകരം ഇരുപത്തിരണ്ടര ഉറുപ്പികയും, 105 ഉറുപ്പികക്ക് പകരം ഒരു രൂപ അറുപത്തിയേഴ് പൈസയും തരുന്ന ഒരു സാഹചര്യം ഉണ്ടാകും. ഈ ആക്റ്റ് സെക്ഷൻ 6-ന്റെ പേരിൽ പോകാൻ പാടില്ലെന്ന് ഞാൻ തന്നെ നേരിട്ട് നിർദ്ദേശിച്ചതാണ് സർ.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഗവൺമെന്റ് കൊടുത്ത പ്രൈവുഡ് കമ്പാട്ട ഉപയോഗിച്ച് വൻകിട വ്യവസായികരും അമിതമായ ലാഭം ഉണ്ടാക്കുന്നു എന്നത് പരിഗണിച്ച് എല്ലാ വ്യവസായികരുക്കും മാർക്കറ്റ് റേറ്റിൽ തടി കൊടുക്കുകയും ചെറുകിട വ്യവസായികരുക്ക് സബ്സിഡി കൊടുക്കുന്ന കാര്യവും ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രൈസ് ഫിക്സേഷൻ ആക്റ്റിലെ വ്യവസ്ഥയനുസരിച്ച് ആറാറ് മാസം കൂടുമ്പോരം ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കും.

The amendment moved by Shri T. M. Jacob was put and lost.

The question that the Kerala Forest (Amendment) Bill, 1981 be referred to Subject Committee II—Land Revenue, Forests and Fisheries was put and carried.

The motion was adopted and the Bill was referred to Subject Committee II.

(ഈ സന്ദർഭത്തിൽ സന്ദർശക ഗ്യാലറിയിൽനിന്ന് ചിലർ മുദ്രാവാക്യം മുഴക്കുകയും അവരെ വാച്ച് ആൻഡ് വാർഡ് ഉദ്യോഗസ്ഥൻമാർ അവിടെനിന്ന് നീക്കുകയും ഉണ്ടായി.)

LIBRARY ARCHIVES Kerala Legislative Assembly